STAFF SELECTION BOARD—CANDIDATES SELECTED—BROKEN SERVICE OF

186 മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ ചേർക്കുന്ന ചോദ്യത്തിന്മേൽ മറുപടി പറയാൻ ഗവണ്മെണ്ടിന്നു ദയവുണ്ടാകുമോ.—

സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ നിയമനപ്രകാരം ഉദ്യോഗം ലഭിക്കുന്നവരുടെ detached service പെൻഷൻ, അവുധി എന്നിവയുകൂടി തീർച്ചപ്പെടുത്തുന്നതിന്നു കണക്കാക്കുമോ?

Rao Sahib P. V. Raphael *(Comptroller of Finance and Accounts)*

Detached service (broken or non-continuous service) പെൻഷൻ അവുധി എന്നിവ തീർച്ചപ്പെടുത്തുന്നതിന്നു കണക്കാക്കപ്പെടുന്നതല്ല.

RETAIL SHOP No. 117—NARAKKAL

187. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

(*a*) whether Government have cancelled the retail shop No. 117 of Narakkal; if so, why and who is the present licensee of the above shop;

(*b*) is the present licensee of the same an ex-military personnel and what is his full name; how long was he in the military service; what was his designation in the service; and when he left the service?

Rao Sahib M. M. Paul *(Director of Food Supplies)*:

(*a*) Yes. On 4th Mithunam 1121 Mr. M. I. Paul, M. L. C. detected an attempted smuggling of 10 bags of rice which was found to have been issued from the retail shop No. 117 of Narakkal. The retailer was therefore removed. The present licensee is Mr. M. P. Antony.

(*b*) Yes. The full name is "M. P. Antony, Mampilli House, Narakkal." He has served in the Military for 2 years 6 months and 23 days. His designation was "Electric Fitter C. A, (3rd, 2nd Highest Military Educational certificate). He left the service on 19th April 1946.

A. T. KUNJIKORA—SUB-MAGISTRATE

188 മിസ്റ്റർ കെ. എസ്സ് പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഇപ്പോൾ മജിസ്ട്രേട്ടായി നിയമിതനായ മിസ്റ്റർ എ. ടി. കുഞ്ഞിക്കോര തിരുവിതാംകൂർകാരനല്ലേ;

(ബി) കൊച്ചിരാജ്യത്തു് അദ്ദേഹം വക്കീലായി സന്നദ്ധു് എടുത്തിട്ടു് എത്ര ദിവസമായി;

(സി) അദ്ദേഹത്തിന്നു കൊച്ചിരാജ്യത്തോടുള്ള ബന്ധം എന്തു്?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) അല്ല. മിസ്റ്റർ എ. ടി. കുഞ്ഞിക്കോര കൊച്ചിസംസ്ഥാനത്തു കുഴപ്പിള്ളി വിള്ളേജിൽ അയ്യമ്പിള്ളി മുറിയിലാണു ജനിച്ചതു്.

(ബി) അദ്ദേഹം കൊച്ചി ഹൈക്കോടതി അഡ്വോക്കേറ്റായി സന്നദ്ധു് എടുത്തിട്ടു് ഫ 0 മാസമായി.

(സി) മുൻ ഫ-ാം ഉപചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഇതിന്നു വേറെ ഉത്തരം ആവശ്യമില്ല.

2. VOTING OF DEMANDS FOR GRANTS

(i) 2—Agriculture

Mr. Parambi Lonappen *(Minister for Public Health)*: Sir, I rise to move for a demand of Rs. 4,74,954 under Demand No. 2 Agriculture. I do not intend to make any speech, nor do I think that one is necessary. I request the Hon'ble Members may be pleased to vote for the grant.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Before I move this cut motion, I would like to have some information from the Hon'ble Minister. On page 33 of the budget under "Demonstration on ryot's lands" a sum of Rs. 3,600 is provided. May I know for how many farms is that amount provided?

Mr. Parambi Lonappen *(Minister for Public Health)*: There are about 69 demonstration farms.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I should like to know.....

Mr. President: Is the Hon'ble Member moving his cut motion?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: If, on enquiry, I can be satisfied then, I may not move the motion. But if the answer to my enquiry is not satisfactory then I will have to move it. May I know where these demonstration farms are going to be provided?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Public Health):* These demonstrations are to be conducted in private lands by the Agricultural Department by giving good manure and other methods to show how agriculture can be improved.

Mr. P. Kumaran Ezhuthassan *(Vadakkancheri):* But is this amount sufficient for 69 demnostration farms?

Mr. Parambi Lonappen *(Minister for Public Health):* Yes. Demonstration centres.

CUT MOTIONS

1. Opening Demonstration Farms in all Panchayat areas

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I move *to reduce the allotment of Rs. 2,17,169 fo. "Farm Operations" in Demand 2 (2) by Re. 1 to press upon the Government to open demonstration farms in every Panchayat area.* In commending this cut motion to this House, I have to observe that because of the recent depredations of the Government in the forests of Cochin, one important item of manure and perhaps the most important manure for the growing of paddy, viz., green manure which was to some extent available in pre-war days is now reduced to nil. Of course the Hon'ble Member, the Conservator of Forests, has got his own plans for growing trees and other growths for the supply of manure in the villages. That naturally takes time. Now, the cultivation of paddy without this green manure is going to give us an yield somewhere near zero, *i. e.*, the yield from the property will be somewhere near zero. Therefore, Sir, what was being managed with green manure will have to be managed with other kinds of manure and the conservative, poor, emaciated agriculturist of Cochin do not very easily take to this foreign manure and the manure that you are now supplying. Therefore although the use of such manure is only in their own interests they have to be told, they have to be lectured upon, the idea has to be instilled to bring home to their minds to use these sorts of different artificial manures and instead of going from home to home, I commend to the Government if that is possible by employing proper agencies—please don't spend money upon that, there are other ways. Instead of that, if in every Panchayat area or in each village, but since it may be felt that the expenditure will be very large, I reduce my demand to one agricultural demonstration farm in each Panchayat area. That may be opened is the purpose in my view in sending up this cut motion. I think that such a demand, coming from the agriculturists for their good which ultimately is Government's good, will be accepted by the Government instead of saying that this will mean that and that will mean this and so on. I would say, Sir, that if it is possible, and I am of opinion that it is possible, that such demonstration farms may be had in plentiful numbers because that thing is going to save you. You say 'Grow More Food', 'Grow More Vegetables', all that in paper. I know the Grow More Food Campaign started under the able leadership of the resigned Minister Rao Bahadur T. K. Nayar. We know that for no fault of his the campaign ended in smoke and with a tremendous loss to the Government. The hill paddy scheme started by the Government ended in a heavy loss to the Government. On account of this the Government did not think it wise to have it the next year. Even the poorest agriculturist knows, Sir, that a virgin land when tackled is likely to give a bumper crop in the first year under normal conditions. Normal circumstances failing, adverse circumstances getting in, to judge the whole operation by the results of the first year is foolishness raised to the Nth. degree and the Government ought to have continued the scheme the next year also. We have to intensify our cultivation; we have to get more food. Yesterday it was mentioned in this House that we have paddy only for 4½ months though the actual crop will be sufficient for 7½ months. Even in that case we have to make up for 4½ months. That can be done only if you have the imagination and the willingness to accept the suggestions that are put forward and more especially that will be coming hereafter from this right side who represent the kisans' cause. There are only two ways for increasing paddy cultivation of the State. One is intensive cultivation and the other extensive cultivation. Many lands are lying fallow, Sir, given to rich landlords for the simple reason of your unintelligent method of working the land acquisition rules. Landlords have got a special way of their own to acquire their neighbouring lands. By means of such combinations many a land which has been assigned to persons where extensive cultivation is possible are lying fallow. Even a journey from one end of Cochin to the other through the narrow roads of Cochin, of course with your eyes open, I am sure, you can see such fallow lands in an ample measure. But I am sure the officers travelling in their cars are sleeping in their cars while they travel along these roads. Therefore I stress my two points of intensive cultivation and extensive cultivation and also the use of green manure. Please catch at the idea contained in the cut and if possible go beyond that. Instead of providing every Panchayat area with one demonstration farm let every village be given one such farm if possible. If the idea is worth trying please do your best. I think the Government will do its best to see that the

LIBRARY ARCHIVES Kerala Legislative Assembly

agriculturist who does not know anything about the use of the new manures may be asked in his own interest and ultimately in the interests of the Government to take to this manure and that in accordance with the demonstrations. That is the prayer.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സർ, വ്യ പഞ്ചായത്തുകളിലും ഓരോ പ്രദർശനകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഈ ഖണ്ഡനോപക്ഷേപത്തെ ഞാൻ എതിർക്കുകയാണു് ചെയ്യുന്നതു്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അവതരിപ്പിച്ചതാണെന്നുള്ളകാരണംകൊണ്ടല്ല ഇതിനെ എതിർക്കുന്നതെന്നു് അദ്ദേഹം മനസ്സിലാക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. കൊച്ചീരാജ്യത്തു കൃഷിവികസനത്തിനു് ഉപകരിക്കുന്നതായിരിക്കുന്ന ഏതൊരു പദ്ധതിയും സ്വീകരിക്കുന്നതിനു് ഞങ്ങളുടെ പാർട്ടി തയ്യാറാണു്. പക്ഷെ ഇന്നത്തെ നിലയിൽ കൊച്ചീരാജ്യത്തു ഉള്ളതായിരിക്കുന്ന മാതൃകാ കൃഷിപ്രദർശന കേന്ദ്രങ്ങളംപോലെയുള്ള വ്യ കേന്ദ്രങ്ങളാണോ വേണ്ടതു് അതൊ കൊച്ചീരാജ്യത്തിലെ കർഷകന്മാരുടെ അവശ്യങ്ങളും അനുവദിച്ചു കൊടുക്കുകയാണോ അടിയന്തിരാവശ്യം എന്നാണു് നാം ആലോചിക്കേണ്ടതു്. വളം കിട്ടുവാനുള്ള ബുദ്ധിമുട്ടു്, കൃഷി ആയുധങ്ങൾ കിട്ടുവാനുള്ള വിഷമതകളും എന്നിവ ഇന്നു വളരെയുണ്ടു്. വളം ഏതുവിധത്തിലാണു് ഉപയോഗിക്കേണ്ടതു് എന്നറിയാത്തതിന്റെ കുഴപ്പമല്ല ഇന്നു് കർഷകനുള്ളതു്. ഉള്ളതായിരിക്കുന്ന വളം അവനു് കിട്ടുന്നില്ല, മറ്റു കൃഷി ആയുധോപകരണങ്ങളും അവനു കിട്ടുന്നില്ല. ഈ വക ബുദ്ധിമുട്ടുകളാണു അനുഭവിക്കുന്നു. ഈ രാജ്യത്തു ഇപ്പോൾ കൃഷിഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ നിയന്ത്രിക്കുന്നതരത്തിലുള്ള കൃഷി പ്രദർശനകേന്ദ്രങ്ങളും വർദ്ധിപ്പിക്കുക എന്നുള്ളതു് ഒരിക്കലും സ്വീകാര്യമാണെന്നു എനിക്കു തോന്നുന്നില്ല. ഇതിനുംപുറമെ പല അടിയന്തിരാവശ്യങ്ങളും നാട്ടിൽ നടപ്പാക്കേണ്ടിയിരിക്കുന്ന സ്ഥിതിക്കു് ഈ പദ്ധതിനടപ്പിലാക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ കാരണങ്ങൾകൊണ്ടാണു് ഈ ഖണ്ഡനോപക്ഷേപത്തെ ഞാൻ എതിർക്കുന്നതു്.

Mr. Parambi Lonappen *(Minister for Public Health)*: Sir, there are 87 Panchayats in our State and to open a farm in each Panchayat would be a very costly affair. As has been mentioned by the Hon'ble Member from Adoor we have got very urgent and important matters to be looked into than opening such farms for the purpose of mere education. I have got a report here; at least 20 lakhs of rupees will be required for this purpose for opening up farms in all the Panchayats of this State. I do not think that any useful purpose will be served by opening 87 farms. The benefit derived will not be compatible with the large amount that we have to spend on these farms alone. Secondly, I wish to inform the House that we have already got a number of farms like the Central Farm, at Trichur, the Vyttilla Farm for Cochin Kanayannur and there is a proposal to open a farm at Chittur. The idea of the Government is that in accordance with time, if finances permit more farms will be started one in each Panchayat. We are starting a new farm at Trichur and therefore I think, as educative centres we have got already sufficient number of farms. If it is absolutely necessary to open more farms Government may propose to start one farm in each taluk. The idea of the demonstration centres is to demonstrate to the agriculturist the efficient method of agriculture for which Government instruct them by showing how agriculture can be improved by improved implements, seeds, etc. Further, such centres are in existence at about 69 centres. I therefore think that the Government are now doing sufficient demonstration experiments to show to the cultivators the advantages of improved methods of cultivation and if it is necessary that we should start more centres and if we have got the necessary finances at our disposal, we may start one in each taluk. With this I hope the Hon'ble Member will withdraw his cut-motion.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I have only one word in reply. I am not surprised that I do not get the sympathetic support of the protectors of the kisans of Cochin in this matter. But that section seems to be of opinion that there are more urgent needs here. It is not the case of the agriculturist in the village going in for manures since he does not know the use of them. But it is a case of even the existing manure depots not being able to meet the existing demands. Sir, I have studied the cut motion paper and I find that all the cut motions from 2 onwards relate to this difficulty that in general terms have the very same complaint. It is not when I said all that that I made this demand through this cut. I was hoping, Sir, therefore seeing a process of consultation in the treasury benches while I was moving the cut that it will be accepted by the Government. But in these weeks of surprises I would not have been surprised to get a favourable answer from the Government. I am glad at least to get one information that if all these Panchayats are to be given a demonstration farm, the cost will be 20 lakhs of rupees. But I must say that the charge is not fantastic or monstrous because the Government themselves

LIBRARY ARCHIVES Kerala Legislative Assembly

have worked up figures necessary for giving these Panchayat areas, each one an agricultural farm. Therefore, it is not so fantastic or so unnecessary. In that matter I am in perfect company with the present Government. I am not afraid to be a solitary figure holding that opinion, I have demonstrated that and it has got its favourable effect on that side. I leave it there out of consideration for my friend. I do not wish to press the motion but all the same tell the Government, inform the Government most respectfully the urgent need for such farms. Even though it is not possible to start such farms in all the villages try to work out as many farms as possible consistently with the finances of the State. If such things are worked, what is going to be seen tomorrow, will it ever take place; that is the question. Work the department in such a way because there is no denying the fact that the future Government not only of Cochin but the whole of India is going to be one which is a happy blending of the kisans and the labourers. The kisan must be the Raj. The happy blending of the agriculturists and the labourers is what is going to be seen. That is all what I have to say. I seek leave of the House to withdraw the motion.

Motion, by leave, withdrawn

2. Need for efficient distribution of agricultural implements, seeds, manure, etc.

***Mr. V. R. Krishnan Ezhuthassan** *Oorakam)*: To reduce the allotment of Rs. 1,11,689 for seed and Manure Depot in Demand No. 2 (4) by Re. 1.

സർ, ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം വളം, കൃഷി ആയുധങ്ങൾ, വിത്തു്, തൈക്കൾ മുതലായവയുടെ വിതരണത്തെ സംബന്ധിച്ചു് ഗവണ്മെണ്ടു് കൈക്കൊണ്ടിരിക്കുന്ന പദ്ധതികളേയും നയത്തേയും കുറിച്ചു് ഒരു പരിശോധന നടത്തുവാൻ വേണ്ടിയാണു്. ഇന്നത്തെ ഭക്ഷണക്ഷാമത്തിന്റെ നിലയെക്കുറിച്ചു് ഈ സഭയെ യാതൊന്നും അറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൃഷിയാണു് ഇന്നത്തെ ദുരവസ്ഥക്കു് പരിഹാരമാർഗ്ഗത്തിനു ഏറ്റവും പ്രധാനമായിട്ടുള്ളതു് എന്നതിനെക്കുറിച്ചു് ആർക്കും സംശയമുണ്ടാകയില്ല. നമ്മുടെ ഗവണ്മെണ്ടു് ഈ വിഷയത്തിൽ കൈക്കൊണ്ടിരിക്കുന്നനയംതൃപ്തികരമാണോ അല്ലയൊ എന്നു്....

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I rise on a point of order and wish to point out to the Hon'ble President that cut motions following this *viz.* Nos. 3, 4, 5, 6, 7, 8 and 10 come under the same category. Some of them deal with the general question and certain others refer to particular villages. These may be clubbed together and the discussion may be had together so that the discussion may be very effective.

Mr President: That is quite unnecessary. Hon'ble Members who wish to speak on this subject are always at liberty to speak on this particular motion, No. 2 and there is no necessity to club them together. If the subject is thoroughly discussed on this motion, other Hon'ble Members need not move their cut motions.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ രാജ്യത്തെ കൃഷിയെ വേണ്ടപോലെ വികസിപ്പിക്കുവാനും സംരക്ഷിക്കുവാനും തക്കവിധത്തിലുള്ള ഒരു നയമാണു്, ഗവണ്മെണ്ടു് ഇന്നു അനുവർത്തിച്ചുപോരുന്നതെന്നുള്ള പരിശോധനയിൽ ഒരു പക്ഷെ അഭിപ്രായവ്യത്യാസമുണ്ടാകുവാൻ വഴിയില്ലായ്കയില്ല. പ്രത്യേകിച്ചു് കൃഷിഡിപ്പാർട്ടുമെണ്ടിന്റെ ഭരണം ഈ സഭക്കുത്തരവാദപ്പെട്ട നിലയിൽ വരാവുന്ന ഒരു കക്ഷി നടത്തുന്നു എന്നുള്ളതുകൊണ്ടതന്നെ ആ കക്ഷിയുടെ അഭിപ്രായം അനുസരിച്ചായിരിക്കണം ഇന്നു് ആ ഭരണം നടക്കുന്നതെന്നുവേണം വിചാരിക്കുവാൻ. അതുകൊണ്ടു് ഗവണ്മെണ്ടു് ഇന്നു കൈക്കൊണ്ടിട്ടുള്ള കാർഷീകനയത്തിൽ ഈ സഭയുടെ പിന്താങ്ങലും ആനുകൂല്യവും ഉണ്ടെങ്കിൽ ഞാൻ വിചാരിക്കുന്നതു് തെറ്റായിരിക്കുകയില്ലെന്നു കരുതുന്നു. ഏതായാലും ഇന്നത്തെ നയം തൃപ്തികരമല്ലെന്നു കരുതുന്ന ഒരു വിഭാഗം ഉണ്ടെന്നു് ഈ സഭയെ അറിയിക്കുവാൻ, ആ വിഭാഗത്തിന്റെ ഭരണം നടത്തുന്ന അധികാരികളെ അറിയിക്കുവാൻ, എനിക്കതിയായ ആവശ്യവും താല്പര്യവും തോന്നുന്നുണ്ടു്. കൃഷിയെ വികസിപ്പിക്കുവാൻവേണ്ടി എന്തെങ്കിലും ഒരു പദ്ധതി അല്ലെങ്കിൽ കാര്യക്ഷമമായ ഒരു നയം ഇന്നത്തെ ഗവണ്മെണ്ടിനുണ്ടെന്നുപോലും സമ്മതിക്കുവാൻ എനിക്കു സാധിക്കുന്നില്ല. ഇരുപതും കാലമായി അതായതു വളരെ വർഷങ്ങളായി നടന്നുവരുന്ന ആ സമ്പ്രദായത്തിൽ ഈഷൽഭേദങ്ങളോടുകൂടി നടന്നുവരുന്നു എന്നല്ലാതെ ഒരു ജനകീയഭരണം കൊണ്ടു് പ്രത്യക്ഷമാകേണ്ട യാതൊരു മാറ്റങ്ങളും കാർഷികനയത്തിൽ ഉണ്ടെന്നു എനിക്കുകാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ണവാൻ സാധിച്ചിട്ടില്ല (ഹിയർ, ഹിയർ). ഈ നാട്ടിലെ കർഷകന്മാക്ക ഒരു ജനകീയമന്ത്രി യാണു് തങ്ങളുടെ കാര്യങ്ങൾ നോക്കുന്നതെന്നു് തോന്നുവാൻ തക്കവണ്ണം എന്തെങ്കിലും മന്ത്രി യുടെ ഡിപ്പാർട്ടുമെണ്ടിൽ മാറങ്ങളൊ കാര്യമായിട്ടുള്ള പരിഷ്കാരമൊ ഉണ്ടായിട്ടുണ്ടെന്നു എനിക്ക തോന്നുന്നില്ല. ഞാൻ സാമാന്യമായ നയത്തെക്കുറിച്ചു് ദീർഘമായി തല്ക്കാലം പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്റെ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന ഒരു നാലു സംഗതികളെക്കുറിച്ചു് കുറച്ചു ദീർഘമായ പ്രതിപാദനംമാത്രം കൊണ്ടു തല്ക്കാലം തൃപ്തിപ്പെടാമെന്നു് ഞാൻ കരുതുന്നു. വളം, കൃഷി ആയുധങ്ങൾ, വിത്തു്, കൃഷിക്കുവേണ്ട തൈകൾ മുതലായവയുടെ വിതരണത്തിൽ ഗവൺമെണ്ടു ചിലകാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. വളത്തിന്റെ കാര്യത്തിൽ ഗവൺമെണ്ടു കൃഷിക്കാക്ക സഹായമെന്നനിലയിൽ വിലകുറച്ചുകൊടുക്കുവാൻ തുടങ്ങീട്ടു കുറച്ചുകാലമായി. ഈ കഴിഞ്ഞവർഷത്തിൽ കുറച്ചധികം ലാഭം ആ തോതിൽതന്നെ നൽകീട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. ഇക്കൊല്ലത്തെ റിവൈസു് ചെയ്തു് പരിഷ്കരിച്ച ബഡ്ജറ്റ കണക്കിൽ കാണുന്നതു് ൨,൫൦,൦൦൦ ക. യോളം സബ്സിഡി എന്ന നിലയിൽ വളവിതരണത്തിൽ ചിലവാക്കുന്നുണ്ടെന്നാണു്. അടുത്ത വർഷത്തിൽ ഒരു ലക്ഷം ഉറുപ്പികയുടെ ചിലവു് ഈ ഇനത്തിലേക്ക വകകൊള്ളിച്ചും കാണുന്നുണ്ടു്. ഇത്രയും കാലമായി ൨൫ ശതമാനം വിലകുറച്ചു കൊടുത്തിരുന്നവളത്തിന്നു് കോൺകൃഷിക്കാക്ക ൭൫ ശതമാനം കുറവുചെയ്തതായും പിന്നീടു എല്ലാ കോൺകൃഷിക്കാക്കും അതേ കുറവു ചെയ്തതായും പിന്നീടുള്ളവക്ക ൫൦ ശതമാനം കുറവു ചെയ്തിട്ടുള്ളതായും കാണുന്നുണ്ടു്. അതനുസരിച്ചു സുലഭമായിവളം എല്ലാവില്ലേജുകളിലും നൽകുവാനുള്ള ഏർപ്പാടും ഗവൺമെണ്ടു ചെയ്തിട്ടുണ്ടെന്നാണു് അവർ ഒരുപക്ഷെ ഇന്നു പറയുക. എനാൽ എന്റെ സ്വന്തം അനുഭവത്തിൽനിന്നു്, വളരെ അധികം പ്രദേശങ്ങളിൽ നേരിട്ടുകാണുവാൻ സാധിച്ചിട്ടുള്ള എന്റെ അനുഭവത്തിൽ നിന്നു, എനിക്ക പറയുവാൻ സാധിക്കും ഈ വളം വേണ്ടത്ര സുലഭമായിട്ടു കർഷകന്മാക്ക ലഭിക്കുവാൻ സാധിച്ചിട്ടില്ല എന്നു്. കോൺകൃഷിക്കാക്കു് വളം കൊടുക്കുവാൻ ഗവൺമെണ്ടു ഉദ്ദേശിച്ചു് അതിനുള്ള ഒരു തീരുമാനം ചെയ്തതു് ഏറ്റവും വൈകിയ ഒരു ഘട്ടത്തിലാണെന്നു് ഈ സഭ മനസ്സിലാക്കീട്ടുണ്ടൊ എന്നു് എനിക്കറിഞ്ഞുകൂടാ. ൨൫, ൫൦ ആയിരം ഏക്കറോളം വിസ്തീർണ്ണമുള്ള കോൺകൃഷിയിൽ ശാസ്ത്രീയമായവളം ഉപയോഗിക്കുകയാണെങ്കിൽ വളരെ അധികം വിളവു വർദ്ധന ഉണ്ടാകുമെന്നു് ഗവൺമെണ്ടിനു് അറിയായ്കയല്ല എന്നു ഞാൻ വിചാരിക്കുന്നു. എന്നിട്ടും ആയിരം ഏക്കറിൽ അധികം വിസ്തീർണ്ണമുള്ള പ്രദേശങ്ങളിൽ മാത്രമാണു് കുറെയെങ്കിലും വളം വിതരണം ചെയ്യുകയുണ്ടായിട്ടുള്ളതു്.

അതുതന്നെ ശരിയായ സമയത്തു കൊടുക്കാതെ നെല്ലു് മൂത്തു് വിളവെടുക്കേണ്ട ഘട്ടത്തിലായശേഷം മാത്രമാണു് അങ്ങിനെ കൊടുക്കുവാൻ തീരുമാനിച്ചതു്. വെള്ളം വറ്റിക്കുകയും, നെല്ലിന്റെ വളർച്ച വളരെയധികമാകുകയും ചെയ്ത അവസരത്തിൽ വളം വിതരണം ചെയ്തുകൊണ്ടു് കാര്യമായ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. എന്നിട്ടും ഗവൺമെണ്ടു പറയുന്ന ഒരേക്കർ ഭൂമിയിൽ ഏതാണ്ടു് ൫൦ പറ നെല്ലോളം വിളവു വർദ്ധനയുണ്ടായിട്ടുണ്ടെന്നു്. ആ തോതിൽ എല്ലാ കൃഷിയിടങ്ങളിലും, പ്രത്യേകിച്ചു് കോൺകൃഷിയിടങ്ങളിലും ഗവൺമെണ്ടിന്റെ കാലേകൂട്ടിയുള്ള ശ്രദ്ധകൊണ്ടു് അങ്ങിനെ വരുത്തുവാൻ സാധിച്ചിരുന്നുവെങ്കിൽ ഇതിലും എത്രയധികം മെച്ചം ഉണ്ടാകുമായിരുന്നു എന്നുള്ളതു് ആലോചിച്ചു നോക്കിയാൽ ഗവൺമെണ്ടിന്റെ ഉദാസീനതയുടെ ഫലം എന്താണെന്നു അനുമാനിക്കാൻ സാധിക്കും. മിക്കപ്രദേശങ്ങളിലും പഞ്ചായത്തുകൾ മുഖേനവളം വിതരണം ചെയ്യുന്നുണ്ടെന്നാണു് വെച്ചിരിക്കുന്നതു്. എന്നാൽ വളരെയധികം പഞ്ചായത്തുകളിൽ വേണ്ടപോലെ വളം വിതരണംചെയ്യുന്നില്ലെന്നു് എനിക്കുറപ്പിച്ചു പറയാൻ സാധിക്കും. എന്റെ സ്വന്തം പഞ്ചായത്തിൽതന്നെ വേണ്ടസമയത്തു് വേണ്ടപോലെ വളം കൊടുക്കുന്നില്ലെന്നു് എനിക്കുറിയാൻ സാധിക്കുകയും അതിനെസംബന്ധിച്ചു് ആക്ഷേപം ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഇന്നു രാവിലെയുണ്ടായ പോദ്യോത്തരസമയത്തു് തിരുവാംകൂർ പഞ്ചായത്തിൽ വളരെ അക്രമമായ വിധത്തിലാണു് വളം വിതരണം നടന്നതു് എന്നു പറയുകയുണ്ടായി. ശരിയായ വളവിതരണം നടപ്പാക്കുകയെന്നുവെച്ചാൽ, ഈ നാട്ടിലെ ൨൫½ ലക്ഷം ആളുകൾക്കും ആവശ്യമായ ഭക്ഷണസാധനങ്ങൾ കൂടുതൽ വിളയിക്കുവാനുള്ള കഴിവുണ്ടാക്കുകയെന്നത്രമാണു്. എന്നാൽ അതു ചെയ്യാതെ ഉദാസീനമായ ഒരു നയംകൊണ്ടാണു് ഗവൺമെണ്ടു തൃപ്തിപ്പെട്ടിരിക്കുന്നതു്. നമ്മുടെ അടുത്തു കിടക്കുന്ന മദ്രാസ്സു് സംസ്ഥാനത്തിൽ ഈ വിഷയത്തിൽ അവിടത്തെ ഗവൺമെണ്ടു് എടുക്കുന്ന ശ്രദ്ധ ഇവിടത്തെ ഗവൺമെണ്ടു് നോക്കി മനസ്സിലാക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു. അവിടെ കോൺഗ്രസ്സു് ഗവൺമെണ്ടു് അധികാരം കയ്യേറ്റ വളരെ താമ

LIBRARY ARCHIVES Kerala Legislative Assembly

സിയാതെ, ഏതാനും ചില ദിവസങ്ങൾക്കുള്ളിൽ വലിയ തോതിലുള്ള ഒരു വളവിതരണസമ്പ്രദായം നടപ്പാക്കി. മലബാർ ജില്ലയിലെ രണ്ടു താലൂക്കുകളിൽ, പാലക്കാട്ടു താലൂക്കിലും, വള്ളുവനാട്ടു താലൂക്കിലും—കൊച്ചീരാജ്യത്തുള്ളതിൽ വിസ്തീർണ്ണമുള്ള നെൽവയലുകളാണിവിടെയുള്ളതു്—അതായതു് രണ്ടു ലക്ഷം ഏക്രു് വിസ്തീർണ്ണമുള്ള ആ രണ്ടു താലൂക്കുകളിൽ ഓരോ കൃഷിയിടങ്ങൾക്കും ക്ലിപ്തമായ കണക്കനുസരിച്ചു് പിണ്ണാക്കും അമോണിയം സൾഫെയിഡും ഗവമ്മെണ്ടിൽനിന്നു സൌജന്യമായി വിതരണം ചെയ്യുന്നതിനു തീർച്ചയാക്കി. കൃഷിക്കാർക്കു ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവിടെ ഒരു തോതുവെച്ചു വളം വിതരണം ചെയ്യുന്ന നയം നടപ്പാക്കി. അതിനുവേണ്ടി ഗവമ്മെണ്ടു് ൪൦ ലക്ഷത്തിലധികം രൂപാ ചിലവാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങിനെ ചിലവാക്കുന്ന സംഖ്യ ഇരുപതിനായിരം ടണ്ണിലധികം ധാന്യങ്ങൾ വിളയിക്കുന്നതിനു ഉപകരിക്കുമെന്നാണു് അവർ കണക്കാക്കിട്ടുള്ളതു്. കൊച്ചീരാജ്യത്തു് ക്ഷേണത്തിനു് ഇത്രയും ക്ഷാമം നേരിട്ടിരിക്കുന്ന ഘട്ടത്തിൽ ൨൦ ലക്ഷം ടൺ അരിയുണ്ടാക്കുന്ന ഒരു പദ്ധതിയെന്ന നിലയിൽ, ഗവമ്മെണ്ടിനു വളം വിതരണം ചെയ്യാൻ സാധിച്ചിരുന്നു എങ്കിൽ അതൊരു ഉപകാരപ്രദമായിത്തീരുമായിരുന്നു. ഒരു പക്ഷെ വളം കിട്ടാനുള്ള വിഷമത്തെക്കുറിച്ചു് ഗവമ്മെണ്ടു പറയുമായിരിക്കാം. അതിനു കാലേക്കൂട്ടിയുള്ള നടപടികൾ എടുത്തിരുന്നു എങ്കിൽ ഇത്ര പ്രതിബന്ധങ്ങൾ ഉണ്ടാകുമോ എന്നു എനിക്കു സംശയമാണു്. വളം വിതരണം ചെയ്യുന്നതിനുള്ള ഏജൻസികൾ ശരിയായി പ്രവർത്തിക്കുന്നില്ല എന്നുള്ളതിനുപുറമെ, ഓരോ പഞ്ചായത്തിലും എത്തിയിട്ടുള്ള വളത്തിനു് ശരിയായ വില നിശ്ചയിക്കാതിരിക്കുകയും, അതു വേണ്ടപോലെ വിതരണം ചെയ്യാതിരിക്കുകയുമാണു് ഇന്നു കാണുന്നതു്. ഇതു് ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയുടെ അഭാവത്തെയാണു് കുറിക്കുന്നതു് എന്നു ഞാൻ കരുതുന്നു. ഉദ്യോഗസ്ഥഭരണത്തിന്റെ അപ്രാപ്തിയെ നീക്കുവാനുള്ള കഴിവു മന്ത്രിഭരണത്തിനുണ്ടായില്ല എന്നാണു് ഇതു കാണിക്കുന്നതു്.

കൃഷി ആയുധങ്ങളെ സംബന്ധിച്ചിടത്തോളവും ഏതാണ്ടു ഇങ്ങിനെയുള്ള നിലതന്നെയാണു് കാണുന്നതു്. വില്ലേജുകളിൽ കൃഷിക്കാവശ്യമായ ആയുധങ്ങൾ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടു് എത്രയോ അധികമാണെന്നു് ഉൾനാടുകളിൽ പരിചയിച്ചിട്ടുള്ളവക്കു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കും. കൈക്കോട്ടു്, ഉഴുവാനുള്ള കരി മുതലായ സാധനങ്ങൾ കൃഷിക്കാക്കു കിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ഈ തൊരുക്കത്തിനു് പരിഹാരമുണ്ടാക്കുന്നുണ്ടു് എന്ന നിലയിൽ, ഗവമ്മെണ്ടു് കൃഷി ആയുധങ്ങളുണ്ടാക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടു് എന്നുഞാൻ സമ്മതിക്കുന്നു. എന്നാൽ അത്രമാത്രം അപര്യാപ്തമായ നിലയിൽ, കാര്യസാദ്ധ്യത്തിനു മതിയാകാത്ത തോതിൽ, വേണ്ടപോലെയുള്ള നിഷ്കൃഷ്ടയോടുകൂടാതെയാണു് ഇതു നടത്തിവരുന്നതു് എന്നുള്ള ആക്ഷേപത്തിനു യാതൊരു മറുപടിയും ഗവമ്മെണ്ടിനു പറയാനുണ്ടായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല.

Mr. President: The Hon'ble Member has exceeded his time already.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: Just a minute more I will take, Sir, ഒന്നുരണ്ടു വിഷയങ്ങൾകൂടി മാത്രമേ എനിക്കു സംസാരിക്കാനുള്ളു. അതായതു് വിത്തു വിതരണം ചെയ്യുന്നകാര്യത്തെക്കുറിച്ചും, തൈകൾ വിതരണംചെയ്യുന്ന കാര്യത്തെക്കുറിച്ചുമാണു് ഇനി എനിക്കു് പറയുവാനുള്ളതു്. വിത്തു സൂക്ഷിക്കുക, കച്ചവടം ചെയ്യുക ഇതു വളരെ വിഷമമായിട്ടാണിരിക്കുന്നതു്. അതു ശരിയായി സൂക്ഷിച്ചാൽതന്നെ കൃഷിക്കാക്കു വേണ്ടപോലെ കൊടുക്കുന്നില്ല. ഗവമ്മെണ്ടു പലപ്പോഴും പറയാറുണ്ടു്, കൃഷിക്കാക്കു വേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടെന്നു്. എന്നാൽ വിത്തിനെ സംബന്ധിച്ചു് എത്ര കഠിനമായ കഷ്ടപ്പാടുകളാണു് കൃഷിക്കാക്കു അനുഭവിക്കേണ്ടിവരുന്നതു് എന്നുള്ളതു് പറഞ്ഞാലാവില്ല. കഴിഞ്ഞ ഏതാനും മാസങ്ങളായി ഗ്രാമങ്ങളിൽ വിത്തുകളും, തൈകളും വിതരണം ചെയ്തിട്ടുള്ളതിന്റെ കണക്കു് ബഹുമാനപ്പെട്ട മന്ത്രി അവർകളും അദ്ദേഹത്തിന്റെ ബഡ്ജറ്റ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. നാല്പതിനായിരം പാക്കറ്റ വിത്തുകളും, തൈകളും തുടങ്ങിയ കുറെ സാധനങ്ങളും വിതരണം ചെയ്തു എന്നാണു് കാണുന്നതു്. ശരാശരി കണക്കു നോക്കുകയാണെങ്കിൽ കൊച്ചീരാജ്യത്തിലെ ൫ കുടുംബത്തിനു് ഒരു പാക്കറ്റ വീതം കൊടുത്തിട്ടുണ്ടാകും. ൫൦ കുടുംബത്തിനു് ഓരോ വഴുതിനത്തൈ കൊടുത്തിട്ടുണ്ടാവും. ൧൦ കുടുംബത്തിനു് ഓരോ ചേമ്പു വിത്തു കൊടുത്തിട്ടുണ്ടാവും. അത്ര നിസ്സാരമായ നിലയിലാണു് അതു വിതരണം ചെയ്തിട്ടുള്ളതു്. വലിയ തോതിൽ അതു വിതരണംചെയ്യാൻ സാധിക്കാത്തതു് ഗവമ്മെണ്ടിന്റെ കുറ്റമാണു്. വേണ്ട സമയത്തു് വേണ്ടതുപോലെ ജാഗ്രതയായി ചെയ്യാത്തതു് ഗവമ്മെണ്ടിന്റെ കുറ്റമാണു്. അതിനെക്കുറിച്ചെല്ലാം പ്രതിപാദിക്കുകയാണെങ്കിൽ വളരെ സമയം എടുക്കേണ്ടിവരുമെന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ അതിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. ഏതായാലും കൃഷിക്കാരെ സംബന്ധിച്ച് ശരിയായ ഒരു നയമെടുത്തു, ആ നയം അനുസരിച്ച് പ്രവത്തിക്കുന്നതിനുള്ള നടപടിയെടുത്തു, അവരെ രക്ഷിക്കാനാണ് ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു. ഇത്രയും പറഞ്ഞു ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു. ബ്രിട്ടീഷ് മലബാറിലും മറ്റും വളം വിതരണം ചെയ്യുന്നതുപോലെ അത്രയധികം വളം ഇവിടെ വിതരണംചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യമാലോചിക്കണം. ക്ഷാമം കൂടാതെ വളം കിട്ടുന്നതിനു ഇവിടെ ജനങ്ങൾ വളരെ വിഷമിക്കുന്നുണ്ട്. വളം ശേഖരിക്കുന്നതിൽ നമ്മുടെ ഗവണ്മെണ്ടു് വളരെ ഉദാസീനതകാണിക്കുന്നുണ്ടു് എന്നാണു് ഇതിൽനിന്നു തെളിയുന്നതു. മറ്റു പ്രദേശങ്ങളിൽ കൊല്ലംതോറും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വളത്തിന്റെ $\frac{1}{4}$ ഭാഗംകൂടി ചില സ്ഥലങ്ങളിൽ കിട്ടുന്നില്ല; വിലക്കു വാങ്ങാൻപോലും കിട്ടുന്നില്ല. അതുകൊണ്ടു് വളം ശേഖരിക്കുന്ന കാര്യത്തിൽ വളരെ ശ്രദ്ധാന്തി കാണിക്കണം. എന്നുമാത്രമല്ല, കൃഷിക്കാക്കാവശ്യമായിട്ടുള്ള ഉപകരണങ്ങൾ കിട്ടുന്നതിനു് അതു് ഓരോ പഞ്ചായത്തുകാരേയും ഏല്പിച്ചാൽ വളരെ എളുപ്പമായിരിക്കും. ഓരോ പഞ്ചായത്തിലും ഇപ്പോൾ വെച്ചിട്ടുള്ള ക്ലാക്കുമാർ, മുഴുവൻ സമയവും ജോലിചെയ്യുന്ന ക്ലാക്കുമാരായതുകൊണ്ടു് വിതരണം നടത്തുവാൻ പ്രയാസമില്ല. കൂടാതെ അഗ്രികൾച്ചറൽ കൊ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിക്കുന്നതിനു് വളരെ പരിശ്രമം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു. ഈവക സൊസൈറ്റികൾമൂലവും പഞ്ചായത്തുകൾമൂലവും അതു വിതരണം ചെയ്യുന്നതായാൽ അതു കൃഷിക്കാക്കു ധാരാളം മതിയാവും. ഇപ്പോൾ ഓരോ താലൂക്കിന്റെ തലസ്ഥാനങ്ങളിൽ മാത്രം ഇതു വിതരണം ചെയ്യുന്നതുകൊണ്ടു് ഗ്രാമങ്ങൾക്കു കിട്ടുന്നില്ല. ഇപ്പോൾ വിത്തു വിതരണം ചെയ്യ എന്നു പറയുന്ന ദിക്കുകളിൽ നാട്ടുകാരുടെ സഹകരണം ഉണ്ടായിട്ടില്ല എന്നാണു് ചില സ്ഥലങ്ങളിൽനിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു. എന്റെ പ്രദേശങ്ങളിൽ വിതരണംചെയ്യുന്നതിനു് പതിനായിരം വഴുതിന തൈകളും, ൫,൦൦൦ മുളകിൻ തൈകളും കൊണ്ടുവന്നു. അതു വേണ്ടതരത്തിൽ വിതരണം നടത്തുന്നതിനു് ഞാൻ തന്നെ വളരെയധികം ബുദ്ധിമുട്ടുകയുണ്ടായി. അതു വിത്തു അവിടെ ഉപകാരപ്രദമായിത്തീരും എന്നു എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്.

ഈവക സംഗതികളിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ ഗാഢമായി പതിയേണ്ടതാണു്. അതായതു് വളം ശരിയായ വിധത്തിൽ ശേഖരിക്കുവാനും, അതു ശരിയായ വിലയ്ക്കു കൊടുക്കുവാനും അതിന്റെ ഉപയോഗക്രമം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുവാനും ഗവണ്മെണ്ടു ശ്രദ്ധിക്കണം. ഗവണ്മെണ്ടുതന്നെ ഉപയോഗക്രമം ശരിയായി മനസ്സിലാക്കിക്കൊടുക്കണം എന്നു പറയുന്നതിനു കാരണമുണ്ടു്. ഞാൻ ഗവണ്മെണ്ടിൽനിന്നു കുറെ വളം വാങ്ങി കൃഷിക്കുപയോഗിച്ചു. ഒരാഴ്ചക്കകത്തു അതെല്ലാം ദഹിച്ചുപോയി. ഉടനെ ഇൻസ്പെക്ടരെ കണ്ടു എന്താണു ഇങ്ങിനെ പറ്റിയതു് എന്നു ചോദിച്ചപ്പോൾ അതിന്റെ ഡോസ് കൂടിപ്പോയിട്ടുണ്ടാവും എന്നാണു പറഞ്ഞതു. എന്നാൽ വേറെ കുറെ വളം വാങ്ങി അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ഇട്ടു. അപ്പോൾ അതു നന്നായിത്തീർന്നു. ഇങ്ങിനെ എല്ലാവർക്കും വേണ്ടത്ര ഉപദേശം കൊടുക്കണം. അതു കൊടുക്കാത്തതുകൊണ്ടു് കിട്ടുന്ന വളം നിരുപയോഗമായിപ്പോകുന്നുണ്ടു്. അതുപോലെ മിക്ക പഞ്ചായത്തുകൾക്കും ആവശ്യമായ വളം കൊടുക്കുന്നില്ല. ഇഞ്ചുമുടി പഞ്ചായത്തു് വളം ധാരാളം ഉപയോഗിക്കേണ്ട ഒരു പഞ്ചായത്താണു്. അവിടെ വളരെ കുറച്ചേ വളം കിട്ടുന്നുള്ളു എന്നു് അവിടത്തെ പ്രതിനിധിയായ എന്റെ മാന്യ സ്നേഹിതൻ പലപ്പോഴും പറയാറുണ്ടു്. വളം ശരിയായ സമയത്തു കിട്ടാത്തതുകൊണ്ടു് തന്റെ കരിമ്പു കൃഷി മോശമായിപ്പോയെന്നാണു് അദ്ദേഹം പറയുന്നതു. വില കൊടുത്താൽതന്നെ ശരിയായ സമയത്തു വളം കൊടുക്കാൻ സാധിക്കാത്ത ഗവണ്മെണ്ടിനു എന്റെ മാന്യ സ്നേഹിതൻ പറഞ്ഞപോലെ അതു സൌജന്യമായി കൊടുക്കാൻ സാദ്ധ്യമല്ല. ഇതെല്ലാം ഗവണ്മെണ്ടിന്റെ അപ്രാപ്തിയെ തെളിയിക്കുകയല്ലെ ചെയ്യുന്നതു? വളം ധാരാളമായി ശേഖരിക്കാൻ ഗവണ്മെണ്ടിനു സാധിക്കും. അതു വേണ്ടപോലെ വിതരണം ചെയ്യാനും സാധിക്കും. ഇതെല്ലാം കടലാസ്സിൽ മാത്രം നിങ്ങൾ കാണിച്ചാൽ പോരാ; ഇതു് പ്രായോഗികമായി നടത്താനുള്ള എല്ലാ പരിശ്രമങ്ങളും ആത്മാർത്ഥതയോടുകൂടി പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിന്താങ്ങിക്കൊള്ളുന്നു.

*Speech not corrected by the Hon'bl Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: സർ, വളവിതരണത്തിൽ എന്റെ നിയോജകമണ്ഡലത്തിലുള്ള ചില പഞ്ചായത്തുകൾ നടത്തിയിട്ടുള്ള അനീതിയെപ്പറ്റി പ്രതിപാദിക്കാനായി ഞാൻ ഇവിടെ ഒരുപക്ഷേപം കൊടുത്തിട്ടുള്ളതു് ഇതിനു മുമ്പെ ചേയ്തുകാണുമെന്നുണ്ടു്. അതുകൊണ്ടു് ഈയവസരത്തിൽ ഈ ഉപക്ഷേപത്തോടു യോജിച്ചുകൊണ്ടു് എന്റെ ഉപക്ഷേപത്തെപ്പറ്റി രണ്ടു വാക്കു പറയാമെന്നു ഞാനുദ്ദേശിക്കുന്നു. സർ, വളം വാങ്ങിച്ചാൽ ഫാക്ടിന്റെ ൭൫ ശതമാനം സബ്സിഡൈസ് ചെയ്യാൻ കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നു് ഏർപ്പാടുചെയ്തിട്ടുണ്ടു്. ഞാൻ ചോദിക്കുന്നതു് ഈ സബ്സിഡി വളം വാങ്ങുന്നവർക്കോ അതോ കൃഷിചെയ്യുന്നവർക്കോ എന്നുള്ളതാണു്. കൃഷിചെയ്തു നെല്ലുണ്ടാക്കുവാനാണു് സബ്സിഡി കൊടുക്കേണ്ടതു്. എത്ര നെല്ലു കൃഷിചെയ്യുണ്ടാക്കുന്നുവോ അതനുസരിച്ചു് സബ്സിഡി കൊടുക്കണമെന്നാണു് ഞാനാവശ്യപ്പെട്ടതു്. നെല്ലു വില വളരെ നിസ്സാരമായ തോതിൽ വെച്ചുകൊണ്ടു്, കൃഷിക്കാരനു ലാഭമില്ലാത്ത തരത്തിൽ വെച്ചുകൊണ്ടു് സബ്സിഡി വളത്തിന്റെ പേരിൽ ഗവർമ്മെണ്ടു കൊടുക്കുന്നു. ഇതുകൊണ്ടുണ്ടാകുന്ന അനുഭവമെന്താണെന്നു് ഞാൻ എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. നെല്ലിനു സാധാരണ പുറത്തു കിട്ടുന്ന വിലയേക്കാൾ ഏറ്റവും കുറഞ്ഞ വില നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു് കൃഷിക്കാരന്റെ നെല്ലു് കരിഞ്ചന്തയിലേക്കു പോകുന്നു. ഇത്തരത്തിലല്ല ചെയ്യേണ്ടതു്. കൃഷിക്കാരന്റെ നെല്ലിനു് ഇന്നത്തേക്കാൾ മൂന്നോ, നാലോ ഇരട്ടി വില കൊടുക്കുകയും, ആ കൊടുക്കുന്ന വിലയനുസരിച്ചു വളത്തിനു വില കൂട്ടുകയും വേണം. ഇത്തരത്തിലായാൽ വളവും കരിഞ്ചന്തയിൽ പോകുകയില്ല. എന്നാൽ വളത്തെ സംബന്ധിച്ചിടത്തോളം ഇന്നു് എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായതുപോലെയുള്ള അനീതിയും അക്രമവും ഉണ്ടാകുകയുമില്ല എന്താണു് എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ളതു് എന്നറിയാമോ? എത്ര ടൺ വളമാണു് ഞങ്ങളുടെ നാട്ടിൽ കൊണ്ടുവന്നു് അതിന്റെ ശരിയായ വിലയേക്കാൾ ഇരട്ടി വിലക്കു അതിന്റെ പ്രവർത്തകന്മാർ വിറ്റു പണമുണ്ടാക്കിയതു്. ഇത്തരത്തിലുള്ള അഴിമതികൾ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടു രു മാസം കഴിഞ്ഞിട്ടും ഇതിനെപ്പറ്റി വേണ്ട അന്വേഷണം നടത്തി കാര്യമായ നടപടിയെടുക്കാൻ ഇതുവരെ ഗവർമ്മെണ്ടിനു സാധിച്ചിട്ടില്ലെന്നുള്ളതു് ക്ഷമിക്കത്തക്ക ഒന്നല്ല. വടവുകോടു് വളവിതരണം സംബന്ധിച്ചു് അനീതി നടന്നതായി ബോദ്ധ്യപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി വടവുകോടു് മേലാൽ വളം ഡെപ്പോ വേണ്ടെന്നാണു് നിശ്ചയിച്ചതു്.

Mr. Parambi Lonappen *(Minister for Public Health)*: No, no. It is being distributed through the Panchayat clerk.

മിസ്റ്റർ പി. മാണി: That was done only after representations were made by me to you. അവിടത്തെ വളംഡെപ്പോ ക്യാൻസൽ ചെയ്യുകയാണു് ചെയ്തതു്. അതിനുശേഷം ഞാൻ ബഹുമാനപ്പെട്ട മിന്ത്രയോടു് ചോദിച്ചു, ഒരിക്കൽ വളം വിതരണത്തിൽ അക്രമവും അനീതിയും നടന്നു എന്നു ബോദ്ധ്യമായാൽ പിന്നെ അവിടെ വളം ഡെപ്പോ വേണ്ടെന്നു വെക്കുന്നതു് അനീതിയല്ലേ എന്നു്.

Mr. Parambi Lonappen *(Minister for Public Health)*: I made the Hon'ble Member to understand that it was only a temporary suspension.

മിസ്റ്റർ പി. മാണി: അവിടെ ഏതെങ്കിലും ഒരു വ്യക്തി വളം കൊടുക്കുന്ന കാര്യത്തിൽ വല്ല അനീതിയും ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ അവിടെ വളം വേണ്ട എന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് എന്നാണു ഞാൻ ചോദിക്കുന്നതു്.

Mr. Parambi Lonappen *(Minister for Public Health)*: Does not the Hon'ble Member remember that alternative suggestion put forward by him that manure may be distributed through respectable persons? Then, I wanted to know who are those respectable persons suggested by him and whether it is possible for us to entrust the distribution through those persons. That enquiry was made on the suggestion of the Hon'bl Member. Why don't you remember that?

മിസ്റ്റർ പി. മാണി: I exactly remember that. അതിനെ സംബന്ധിച്ചാണു് ഞാൻ പറയുന്നതു്, വളം ഡെപ്പോ ക്യാൻസൽചെയ്തു് ഏതാനും ദിവസം കഴിഞ്ഞശേഷം ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ടു് ഈ സംഗതി തെറ്റാണെന്നു് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിയശേഷമാണു് വീണ്ടും വളം ഡെപ്പോ തുറക്കാൻ അവിടെ ഏർപ്പാടു ചെയ്തതു്.

Mr. Parambi Lonappen *(Minister for Public Health)*: No, Sir. It was during investigation that you came and told me that you found the Panchayat President was not distributing

LIBRARY ARCHIVES Kerala Legislative Assembly

manure properly. We were considering whether it should be stopped or not. It is during that investigation he wanted the distribution to be made through respectable persons.

മിസ്റ്റർ പി. മാണി: അതു തീർച്ചയാക്കാൻ എത്രകാലം ഗവമ്മെണ്ടെടുത്തു എന്നാണു് ഞാൻ ചോദിക്കുന്നതു്. എത്ര മാസങ്ങളാണു് അതിനെടുത്തതു്? അത്രയും കാലം സാധുക്കളായ കൃഷിക്കാർ വളം കൂടാതെ കൃഷിചെയ്യേണ്ടിവന്നില്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്. വടവുകോട്ടു് വളത്തിനു് ഇരട്ടി വില മേടിച്ചതിനെ സംബന്ധിച്ചു് ചില ആക്ഷേപങ്ങളുണ്ടായി. അതു ഗവമ്മെണ്ടിന്റെ മുമ്പാകെ കൊണ്ടുവന്ന അവസരത്തിൽ ഗവമ്മെണ്ടു വേണ്ട നടപടിയെടുത്തിരുന്നു എങ്കിൽ, അതെ വടവുകോട്ട പഞ്ചായത്തു നടത്തിയ അനീതിയെ മേലിൽ അപ്രകാരം സംഭവിക്കാതിരിപ്പാൻ വേണ്ട നടപടി നടത്തിയിരുന്നു എങ്കിൽ തിരുവാങ്കുളം പഞ്ചായത്തിലും ഇത്തരത്തിലുള്ള അനീതികൾ നടക്കുകയില്ലായിരുന്നു. ഇവിടത്തെ ഗവമ്മെണ്ടിനു് വേണ്ടപ്പോൾ വേണ്ടതു ചെയ്യാൻ അറിയുകയില്ലെന്നു് എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുട്ടൻ മുമ്പൊരിക്കൽ പറയുകയുണ്ടായി. അതുതന്നെയാണു് എനിക്കും പറയാനുള്ളതു്. അനീതി ചെയ്കകഴിഞ്ഞതിനുശേഷം മാത്രമേ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ അതു് പെടാവുള്ളൂ. അവർ അതിന്മേൽ സാധാരണ നടപടി എടുക്കേണ്ടിവരികയുമില്ല. ഇവിടെ സിഗററിന്റെ കാര്യം പറഞ്ഞു. സിഗററു കുറെയധികം കൂടിയ വിലക്കു വിറ്റു, അതു കഴിഞ്ഞപ്പോഴാണു് ഗവമ്മെണ്ടു നിയമം നോക്കി നടപടിയെടുക്കുവാൻ ആലോചിച്ചതു്. അപ്പോൾ അതിന്നാവശ്യമില്ലെന്നും ഗവമ്മെണ്ടിന്നു ബോദ്ധ്യപ്പെട്ടു. ഈ നാട്ടിലെ ജനങ്ങളെ കായ്മയായി സ്പർശിക്കുന്ന കുഴപ്പങ്ങൾ ഉണ്ടായിക്കഴിഞ്ഞു വളരെക്കാലം കഴിയുമ്പോൾ മാത്രം അവയെപ്പറ്റി ആലോചിക്കുവാൻ തുടങ്ങുന്ന ഇത്തരത്തിലുള്ള ഒരു ഗവമ്മെണ്ടാണു് ഇവിടെ സ്ഥിതിചെയ്യുന്നതു്.

ഇനി രണ്ടു വാക്കു് എനിക്കു പറയാനുള്ളതു് കൃഷി ആയുധങ്ങൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചാണു്. കൃഷി ആയുധങ്ങളായ തുമ്പ, മൺവെട്ടി മുതലായ ചില സാധനങ്ങൾ ചില പഞ്ചായത്തുകളിൽനിന്നു വിതരണം ചെയ്യുന്നുണ്ടു്. ഇതെല്ലാം പേരിനുമാത്രമാണോ ചെയ്യുന്നതു്, അതോ കൃഷിക്കാർക്കു ശരിയായി ഉപയോഗിക്കാൻ വേണ്ടിയാണോ? പച്ചു ഇരുമ്പുകൊണ്ടു് തുമ്പയും, മൺവെട്ടിയും മറവുണ്ടാക്കി മലനാട്ടിലേക്കയച്ചാൽ എന്തു പ്രയോജനമാണുണ്ടാകുന്നതു്. ഇതുണ്ടാക്കുന്ന വ്യവസായശാലയെ നിങ്ങൾക്കു സഹായിക്കണമെന്നുണ്ടെങ്കിൽ കൂടുതൽ പണം അവക്കു മറേറതെങ്കിലും വിധത്തിൽ കൊടുക്കുക. ഞങ്ങൾക്കു് ഇരുമ്പു മാത്രം തന്നാൽ മതി. ഈ നാട്ടിലെ കൊല്ലന്മാരെക്കൊണ്ടു് വേണ്ടതരത്തിലുള്ള ആയുധങ്ങൾ പണിയിപ്പിച്ചു് ഉപയോഗിക്കാൻ ഞങ്ങൾക്കറിയാം. ഇതിനുമുമ്പു് ഗവമ്മെണ്ടു് ഇത്തരം ആയുധങ്ങൾ തന്നിട്ടല്ല ഞങ്ങൾ കൃഷിചെയ്തിരുന്നതു്. ഞങ്ങൾക്കു വേണ്ട ആയുധങ്ങൾ ഞങ്ങൾതന്നെയുണ്ടാക്കിക്കൊള്ളാം. അതിനുള്ള ഇരുമ്പു് ഇവിടത്തെ കച്ചവടക്കാരെക്കൊണ്ടു് ന്യായമായ വിലക്കു തരുവിച്ചാൽമാത്രം മതി.

മിസ്റ്റർ ജോസ് കെ. വട്ടിപ്പുസ്സ്: അതു കരിഞ്ചന്തയിൽ പോകുകയില്ലേ?

മിസ്റ്റർ പി. മാണി: അതു പോകാതെ വേണ്ടമാതിരി ചെയ്യുകൊള്ളാം. ന്യായമായ വിലക്കു സാധനം കിട്ടിയാൽ മതി.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ന്യായമായ വിലയെന്നു പറയുന്നതു് കരിഞ്ചന്ത വിലയാണോ?

മിസ്റ്റർ പി. മാണി: എല്ലാ സാധനങ്ങൾക്കും ശരിയായ ഒരു വിലയുണ്ടു്. അങ്ങിനെയുള്ള വിലക്കു കൊടുത്താൽ ഒരു സാധനവും കരിഞ്ചന്തയിൽ പോകുകയില്ല. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇരുമ്പുതന്നു കൊടുക്കുക; ആയുധങ്ങളായി കൊടുത്തിട്ടു കായ്മയില്ലാ എന്നാണു്.

ഇതുപോലെ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിൽനിന്നു വളം വിതരണം ചെയ്യുന്നുണ്ടു്. അതിൽ കപ്പലണ്ടിപ്പിണ്ണാക്കു്, അമോണിയം സൽഫേറു്, മറു വളങ്ങൾ ഇതെല്ലാമുണ്ടു്. എറണാകുളം മുനിസിപ്പാലിറ്റി വളരെ കമ്പോസ്റ്റു് വളമുണ്ടാക്കിയിട്ടുണ്ടു്. അതു വാങ്ങിക്കാനാളില്ലാത്തതുകൊണ്ടു് കെട്ടിക്കിടക്കുന്നു എന്നാണറിയുന്നതു്. അതു ഞങ്ങളുടെ നാട്ടിലെ കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്യുന്നതായാൽ അവരതുപയോഗിക്കും. അതുകൊണ്ടു് അതിനു് എപ്പാടു ചെയ്യണമെന്നു് ഞാൻ അഗ്രിക്കൾച്ചർ ഡയറക്ടരോടാവശ്യപ്പെട്ടു. പക്ഷെ അതിനു യാതൊരു നടപടിയുമെടുത്തില്ല. കമ്പോസ്റ്റു് വളം ഉണ്ടാക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിനു ടൺ വളം വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കാൻ സാധിക്കും. കൃഷിക്കാർതന്നെ ശ്രദ്ധിച്ചാൽ ആ വളമുണ്ടാക്കാൻ സാധിക്കും. അതിനു ഗവണ്മെണ്ടു അവരെ പ്രേരിപ്പിച്ചാൽമതി. ഇവിടെ കലൂരുതന്നെ കമ്പോസ്റ്റ് വളമുണ്ടാക്കാൻ ധാരാളം സൌകര്യമുണ്ട്.

റാവു സാഹിബ് കെ. അയ്യപ്പൻ: കമ്പോസ്റ്റ് വളമുണ്ടാക്കാൻ കലൂരിൽനിന്നും ആ സാധനങ്ങൾ അങ്ങോട്ടയക്കട്ടെ?

മിസ്റ്റർ പി മാണി: ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. എന്നല്ല സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളാം. പക്ഷെ ഒരു സംഗതിമാത്രം. അതു മുഴുവൻ കമ്പോസ്റ്റ് വളമാക്കാനുള്ള ഏർപ്പാടുകൂടി ചെയ്യണം. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രി വേണ്ടതരത്തിൽ മനസ്സിലാക്കി തക്കതായ നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിന്താങ്ങുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I want only to speak a few words on this subject, *viz.*, that the Government is seen to be systematically following a policy of doing things most inefficiently and out of time. One instance that I can place before you, Sir, is that in the matter of supplying manure to the kole cultivators last season. When the seedlings had grown up, when they were about to flower, then was the idea of applying manure to the kole cultivaters entertained by the Government and vigorous action was taken in the matter. The result was, Sir, what was started by Nature through drought for the destruction of crops was completed by the Government supplying manure at that most untimely hour, when manure of the sort supplied takes more time for re-composition into a stage at which alone it can be absorbed by the paddy plant, and when that was applied the picture was made complete.

Mr. A. Eachara Menon *(Chittur-Tattamangalam):* Why was it applied ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* The why of it, if I am to disclose, Sir, is this. The manure distribution is a profitable business, not to the person who purchases it, but to the persons who are engaged in the supply. Corruption, Sir, there was in this supply. I will prove it to the hilt. Yes, that distribution of the manure to the kole cultivators was designed, planned and executed for benefiting some officers of the Government, who have been benefited I know. I have studied the proposition, on the spot and in various other ways, and therefore, Sir, I make bold to say this in this House. And if that Committee is appointed as early as possible, I will certainly go before that Committee and give evidence and not shirk it, as was observed by a certain Hon'ble Member on my right. When I make a statement, I take the consequences of that. If the result of that is some days' rest or some months' rest in Viyyur, I will only welcome it, Sir, because I am in need of it (*Laughter*). That is the sort of thing you do. Manure had to be supplied at the time it ought to be supplied. Therefore, by the time when an agriculturist comes to a solitary manure depot, there must be a man to supply him the manure, ready there, the moment he goes there. Even at night time he should be ready there. What is the use, if a person, a poor agriculturist, with hard-earned money goes to the manure depot to see the man in charge has gone on an excursion. There was an officer engaged, Sir, in this work who has gone on excursion when a man went to the place for purchase of manure. Whoever is responsible, whether it is the Hon'ble Minister or his subordinates or somebody above him.....

Mr. President : Order, order. I think the Hon'ble Member wishes to continue for some time longer.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* No, Sir. I want only a minute.

Therefore, I hope the Government will be pleased to take time by the fore-lock, heed to the warning already given, react to it and save themselves.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with Mr. P. Kumaran Ezhuthassan, Panel Chairman, in the Chair.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു. കൃഷിയും ഞാനുംതമ്മിൽ കുറെകാലമായിട്ട് യാതൊരു ബന്ധവുമില്ല. അതുകൊണ്ട് കൃഷിയെസംബന്ധിക്കുന്ന ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നതിനുള്ള അർഹത പൂർണ്ണമായിട്ട് എനിക്കില്ലെങ്കിലും ഇടക്കാലത്തുണ്ടായ ഒരു സംഭവമാണ് എന്നെ ഇതിനു പ്രേരിപ്പിച്ചതു. ശാസ്ത്രീയമായ കൃഷികൊണ്ട് എത്രത്തോളം ആദായമുണ്ടാകുമെന്നു നാട്ടുകാരായ കൃഷിക്കാരെ കാണിച്ചുകൊടുത്ത മനസ്സിലാക്കുന്നതിനുവേണ്ടി ഓരോ ഗ്രാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മങ്ങളിലും അല്പാല്പം സ്ഥലമെടുത്തു് നെല്ല്, കരിമ്പു് തുടങ്ങിയ സാധനങ്ങൾ, ആ വസ്തു ഉടമസ്ഥനേറയും, ഗവമ്മേണ്ടിനേറയും മനഃചേന്ന് ഉദ്യമങ്ങളോടുകൂടി കൃഷിചെയ്യുന്ന മാതൃകാ തോട്ടങ്ങൾ പലേടത്തുമുണ്ടാക്കിട്ടുണ്ടു്. അങ്ങിനെയുള്ള ഒരു തോട്ടത്തിനേറ ഉടമസ്ഥനായ ഒരു കൃഷിക്കാരനെ കാണുന്നതിനായിട്ടു് ഈയിടെ കൃഷിവകുപ്പിലെ ഒരു ഇൻസ്പെക്ടരും മറവു മുന്നു രണ്ടു ഉദ്യോഗസ്ഥന്മാരുംകൂടി ചെന്നപ്പോൾ നിർഭാഗ്യവശാൽ ആ സ്ഥലത്തു് ഞാനുംകൂടി ഉണ്ടാകാനിടയായി. കൃത്യസമങ്ങളിൽ വളവും മറവസഹായങ്ങളും എത്തിച്ചുകൊടുത്തു കൊള്ളാമെന്നുള്ള കരാറിന്മേൽ, ആ വസ്തു ഉടമസ്ഥനേറ ഭൂമിയിൽ, ഗവമ്മേണ്ടു് കൃഷിചെയ്യുണ്ടാക്കുന്ന ആ മാതൃകാതോട്ടത്തിന്നു് വേണ്ടവളം ആവശ്യസമയത്തു് എത്തിച്ചുകൊടുക്കാത്തതുകൊണ്ടു് ആ കൃഷിക്കാരൻ വളരെ ക്ഷോഭിച്ചിരിക്കുകയായിരുന്നു. കൃഷികർമ്മങ്ങൾ അതാതുകാലങ്ങളിൽ ചെയ്യേണ്ടതായ ശുശ്രൂഷകൾ അതാതുകാലങ്ങളിൽതന്നെ ചെയ്യുവാൻ സാധിക്കാതെവന്നാൽ കൃഷിക്കാക്കു് അസാമാന്യമായ ക്ഷോഭമുണ്ടാകുമെന്നുള്ളതു് തീർച്ചയാണു്. അങ്ങിനെ ക്ഷോഭിച്ചിരിക്കുന്ന ആ മനുഷ്യനേറ മുമ്പിലാണു് ഇൻസ്പെക്ടരും, മറവുദ്യോഗസ്ഥന്മാരും അന്നു ചെന്നതു്. അപ്പോൾ ആ മനുഷ്യൻ അവരോടു പറഞ്ഞതു് നിങ്ങളുടെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടു് ഒരു 'മുട്ടാടു്' എന്നാണു്. മുട്ടാടിനെക്കൊണ്ടു് പറയത്തക്ക യാതൊരു ആദായവും കിട്ടുകയില്ല. ചിലവു് ചെയ്യുകൊണ്ടിരിക്കണം. അങ്ങിനെ ചിലവുചെയ്യുന്നതിന്നുമാത്രമുള്ള ഒരു ഡിപ്പാർട്ടുമെണ്ടാണെന്നാണു് എനേറ അനുഭവത്തിൽ തോന്നുന്നതു്. അതുകൊണ്ടു് നിങ്ങളുടെ മാതൃകാതോട്ടത്തിന്നുവേണ്ടി എനേറ സ്ഥലം അനുവദിച്ചുതന്നതുതന്നെ എനേറപേരിൽ വലിയ തെറ്റായിപ്പോയി. ഇനിമേലാൽ ഇതുപോലെയുള്ള വിഡ്ഢിത്വം പറവാനല്ല. മേലിൽ കൃഷിക്കാവശ്യമായവളം അതാതുകാലങ്ങളിൽ എത്തിച്ചുതരാൻ സാധിക്കാത്തപക്ഷം ഈ തോട്ടത്തിലുള്ള കൃഷികർമ്മം നിങ്ങൾതന്നെ നോക്കുകയാണു് നല്ലതെന്നു് ആ കൃഷിക്കാരൻ പറഞ്ഞു. പിന്നെയും പലതും ആ കൃഷിക്കാരൻ അവരോടു് അതിനെപ്പറ്റി സംസാരിക്കയുണ്ടായി. അതുകൊണ്ടു് ഇങ്ങിനെയുള്ള കൃഷിക്കാക്കു് അവർ കൃഷിയിറക്കുന്ന സമയത്തുതന്നെ കൃഷിക്കാവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുത്തുകൊള്ളാമെന്നുള്ള കരാറു് ലംഘിച്ചാൽപിന്നെ ആ കൃഷികൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയില്ല. ആ നിലക്കു് ആ കൃഷിക്കാരൻ ക്ഷോഭിച്ചതിൽ അദ്ദേഹത്തെ കുറപ്പെടുത്തീട്ടു കാര്യമില്ല. അതിൽ ഈ ഗവമ്മേണ്ടിന്നാണു് കൂടുതൽ ഉത്തരവാദിത്വമുള്ളതു്. എന്തെന്നുവെച്ചാൽ അതാതുസമയംവേണ്ട ശുശ്രൂഷകളും പരിശോധനകളും നടത്തിക്കൊള്ളാമെന്നുള്ള കരാറോടുകൂടി, മറവുള്ള ആളുകൾക്കുംകൂടി ഒരുമാതൃകയാക്കിനടത്തുന്ന ഈ മാതൃകാതോട്ടത്തിന്നു് വേണ്ടതരത്തിലുള്ള ശുശ്രൂഷകൾ ചെയ്യുവാൻ ഗവമ്മേണ്ടിനേറ അജാഗ്രതകൊണ്ടു സാധിക്കുന്നില്ലായെങ്കിൽ, ആ സാധു കൃഷ്കൻപിന്നെ എന്തുചെയ്യുമെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിന്നു് എന്താണു് കാരണമെന്നു് ഞാൻ കുറച്ചുനേരം ആലോചിച്ചുനോക്കി. ഈയിടെ ഏതാനും ഡിപ്പാർട്ടുമെണ്ടുകളിൽ നിവൃത്തിയുള്ളേടത്തോളം ചിലവു് കുറക്കണം, ആദായം വർദ്ധിപ്പിക്കണം, എന്തെല്ലാം വൈഷമ്യങ്ങൾ നേരിട്ടാലും തരക്കേടില്ല, ആദായം വർദ്ധിപ്പിക്കണമെന്നുള്ള ഒരു മനഃസ്ഥിതി ഗവമ്മേണ്ടിന്നുള്ളതിനേറ ഫലമായിട്ടാണൊ ഇങ്ങിനെചെയ്യുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന്നു അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടുതന്നെ ഒരു ഉദാഹരണമാണു്. ഏതാണ്ടു് കഴിഞ്ഞകൊല്ലമാണെന്നു തോന്നുന്നു ഞാൻ ഇതിനെസംബന്ധിച്ചു് ചിലചോദ്യങ്ങളെല്ലാം ചോദിക്കുകയുണ്ടായി, ഹിൽപാലസ്സു് ഗാർഡനിലും, പാക്കിലും മറവും വേലയെടുക്കുന്ന കൃഷിതൊഴിലാളികൾക്കു് എന്താണു് കൂലി കൊടുക്കുന്നതെന്നു് ഞാൻ ചോദിച്ചു. അതിന്നു മറുപടിയായി അന്നു ഗവമ്മേണ്ടു് പറഞ്ഞതു് എട്ടണയും, പത്തണയും, പന്ത്രണ്ടണയും, ഒരു ഉറുപ്പികയും വരെ കൂലി കൊടുക്കുന്നുണ്ടെന്നാണു്. ഈ കാലത്തു് വു ണ. യും ഫ ഠ ണ. യും ഫ ഢ ണ. യും കൂലി കൊടുത്തു് വേലയെടുപ്പിക്കാമെന്നു് വിചാരിച്ചാൽ എങ്ങിനെയാണു് ആളെ കിട്ടുക. ഇതിൽപ്പരം വിഡ്ഢിത്വം വേറെയൊന്നുമില്ല. നല്ല ഒരു ക്ഷുരകന്നു് ഒരു മാസത്തിൽ ഫ ൦ ൦ ം, ന ൦ ൦ ം ഉറുപ്പിക വീതം ഇപ്പോൾ കിട്ടുന്നുണ്ടു്. ഒരു റിക്ഷാ വണ്ടിക്കാരന്നു് ഫ ൦ ൦ ം ന ൦ ൦ ം ഉറുപ്പിക ഇപ്പോൾ കിട്ടുന്നുണ്ടു്. ഇന്നു് ഓരോ തൊഴിലുകളിലും ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു ചുരുങ്ങിയതു് ഫ ക. യൊ, ന ക. യൊ കൂലിയുള്ള ഈ ഘട്ടത്തിൽ വു ണ. ക്കും, ഫ ഠ ണ. ക്കും, എങ്ങിനെ ആളുകളേ കിട്ടും. അഥവാ അങ്ങിനെ കിട്ടിയാൽതന്നേയും അവർ ശരിയായിട്ടു വേലയെടുക്കുമെന്നു് വിചാരിക്കുന്നതു് മൌഢ്യമാണു്. അതുപോലെതന്നെ ഇവിടെയുള്ള ചെറിയ ഉദ്യോഗസ്ഥന്മാർക്കു് കൊടുക്കുന്ന ശമ്പളവും വളരെ തുച്ഛമാണു്. തിരുവാങ്കുളത്തും, വടവുകോട്ടും എന്നുവേണ്ട മറവുള്ള പ്രദേശത്തും അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിൽനിന്നും നേരിട്ട് കൃഷിക്കാക്ക് വളം വിതരണം ചെയ്യുന്നതിനു് ഓരോ ഉദ്യോഗസ്ഥനേയും വേണ്ടത്ര ശമ്പളം കൊടുത്തു് നിയമിച്ചിരുന്നുവെങ്കിൽ ഈ രണ്ടു പ്രദേശങ്ങളിലുമുണ്ടായതരത്തിലുള്ള ഉദാഹരണം ഉണ്ടാകുമായെന്നു് ഞാൻ ചോദിക്കുന്നു. എന്തിനു്? ആ ദായത്തിനുവേണ്ടി! ചിലവു് ചുരുക്കുവാൻവേണ്ടി!! നേരെമറിച്ചു് ഓരോ ഉദ്യോഗസ്ഥനേയും വളം വിതരണം ചെയ്യുന്നതിനു് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു് ഓരോ ഡിപ്പോകളിലും നിയമിക്കുകയായിരുന്നുവെങ്കിൽ ഇത്രയും വിഷമം ഉണ്ടാവുകയില്ലായിരുന്നു.

Panel Chairman. I draw the attention of the Hon'ble Member to the time.

മിസ്റ്റർ പി. നാരായണമേനോൻ: അതുപോലെതന്നെ വിത്തുകൾ വിതരണം ചെയ്യുവാൻ അദ്ധ്യാപകന്മാരെയാണു് പിടിക്കുടിയിരിക്കുന്നതു്. അദ്ധ്യാപകന്മാക്കു് എന്തുജോലിയുമാകാമെന്നാണു് വിചാരിച്ചിരിക്കുന്നതു്. ഏതു ജോലിക്കും ആളില്ലാതെവരുമ്പോൾ ഒഴിവുകാണുന്നതു് അദ്ധ്യാപകന്മാരെയാണു്. ഇങ്ങിനെ വിത്തുകൾ വിതരണം ചെയ്യുവാനും, വിത്തുകൾ പരിശോധിക്കുവാനും അധികാരപ്പെട്ടത്തീട്ടുള്ളതു് അദ്ധ്യാപകന്മാരെയാണു്. ഫ. ഠ. ക. യാണു് ഇതിനു് അവക്കു് അലവൻസ്സു കൊടുക്കുന്നതു്. അദ്ധ്യാപകന്മാർ ക്ലാസ്സിൽവെച്ചു് ഓരോ കുട്ടികളുടെ കൈവശം രണ്ടു പാക്കറ്റു് വിത്തുവീതം കൊടുത്തയച്ചു് രക്ഷിതാക്കന്മാരുടെ അടുക്കൽനിന്നു് വിത്തുകിട്ടിയതായിട്ടു ഒരെഴുത്തും വാങ്ങിക്കും.

Panel Chairman: You can have 2 minutes more.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാൽ ഇതു് ഏതേതുകാലങ്ങളിലാണു് പാകേണ്ടതെന്നും, അതിനു് ഏതേതു വളമാണു് ഉപയോഗിക്കേണ്ടതെന്നും അന്വേഷിക്കുകയില്ല. അന്വേഷിക്കുവാനുള്ള സമയവുമില്ല. നേരെമറിച്ചു് അതും അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു് അവർമുഖേന വിതരണം ചെയ്യുകയായിരുന്നുവെങ്കിൽ കുറെകൂടി വിജയകരമാകുമായിരുന്നു. ഇങ്ങിനെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടിനു് എന്തെല്ലാം ന്യൂനതകളുണ്ടോ, അവയെ സകല ന്യൂനതകൾക്കും പ്രധാനമായ കാരണം ആ ഡിപ്പാർട്ടുമെണ്ടിലെ ചിലവു് കുറച്ചു് ആദായമുണ്ടാക്കുന്നതിനുള്ള ആ ഡിപ്പാർട്ടുമെണ്ടിന്റെ മേധാവിയുടെ മനഃസ്ഥിതിയാണു് എന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ടു്, ആ മനഃസ്ഥിതി കാരണം, നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കുവാൻ വേണ്ടതരത്തിൽ വേണ്ടസമയത്തു് വിത്തും, വളവും വിതരണംചെയ്യുന്ന കാര്യത്തിൽ ഒരു നയം ഇന്നത്തെ ജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന മന്ത്രിയുടെ കീഴിലുള്ള ഈ ഡിപ്പാർട്ടുമെണ്ടിനെകൊണ്ടു് അംഗീകരിപ്പിക്കുകയും, ഇങ്ങിനെയുള്ള വൈഷമ്യങ്ങൾ കൃഷിക്കാക്ക് നേരിടാതിരിക്കുവാൻ വേണ്ടതു് ചെയ്യുകയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. വാസ്തവത്തിൽ കൃഷിക്കാക്ക് അവർ അനുഭവിക്കുന്ന ദുരിതങ്ങളിൽനിന്നു് എന്തെങ്കിലുമൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കുവാൻ വേണ്ടിയാണു് വിത്തും വളവും ഗവർമ്മെണ്ടിൽനിന്നു് വിതരണം ചെയ്യുവാൻ നിശ്ചയം ചെയ്തിട്ടുള്ളതു്. എന്നാൽ ഇന്നു ഗവർമ്മേണ്ടിൽനിന്നും ഇതു വിതരണംചെയ്യുന്ന സമ്പ്രദായത്തിൽ കാര്യക്ഷമമായ പല ന്യൂനതകളുമുണ്ടെന്നുള്ളതു് ഗവർമ്മെണ്ടിനു മനസ്സിലായിട്ടും മൌനം ഭീക്ഷിക്കുകയല്ലേയെന്നാണു് ഞാൻചോദിക്കുന്നതു്. ഞാൻ എന്റെ സ്വന്തം ആവശ്യത്തിന്നായിട്ടു് കുറെ വളം മേടമാസത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതു കിട്ടിയതു് ഞാൻ ഈ കൌൺസിലേക്കു് വരുന്നതിന്റെ രണ്ടാഴ്ചമുമ്പുമാത്രമാണു്. അങ്ങിനെ എനിക്കു കിട്ടുവാൻതന്നെ ഇത്രത്തോളം വിഷമം നേരിടുമ്പോൾ ബാക്കിയുള്ള കൃഷിക്കാരുടേയും അനുഭവവും ഏതാണ്ടു് ഇതുതന്നെയായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ശരിയായിട്ടുള്ള സമയത്തു് വളം കൊടുത്തിട്ടില്ലെങ്കിൽ പിന്നെ ആ കൃഷി ഏതു വിധത്തിലാണു് നന്നാകാൻപോകുന്നതു്? എന്തുലാഭമാണു് സാധുവായകൃഷിക്കാരനു കിട്ടുവാൻപോകുന്നതു്? ഗവർമ്മെണ്ടു വളംചെയ്തു് കൃഷിചെയ്യുന്നതായാൽ ഏറ്റവും നല്ല വിളവു എടുക്കാമെന്നുള്ള ആശ കൃഷിക്കാരനിൽ ജനിപ്പിച്ചു. അവൻ വളംകിട്ടാതെ കഷ്ടപ്പെടുന്നതുകണ്ടു് ഗവർമ്മെണ്ടു് സമാധാനിക്കുകയല്ലേ ഇപ്പോൾ ചെയ്യുന്നതു്. വളവിതരണത്തെ സംബന്ധിച്ചു് ഞാൻ ഇന്നലെ ഇവിടെ ചോദിച്ചുയവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, വിതരണം ഏതുവിധത്തിലായാലും കൃഷിക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. നടപ്പാക്കിയില്ലെങ്കിൽ കർഷകലോകം അപകടത്തിലാകുമെന്നുള്ളതാണ്. ഇന്നത്തെ നിലതന്നേയും കൃഷിക്കാക്ക് വളരെ ഇച്ഛികരമാണെന്ന വിശ്വസിക്കുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ മിസ്റ്റർ മാണി പറഞ്ഞു ഇന്ന നെല്ലിന്ന നിശ്ചയിച്ചിട്ടുള്ള വില ശരിയായിട്ടുള്ളതാണെന്ന കൃഷിക്കാക്ക് സമാധാനിക്കുവാൻ നിവൃത്തിയില്ലെന്ന്. ഒരുപക്ഷെ അരി വാങ്ങുന്ന ആളുകൾക്ക്, കൂടുതൽ വില നിശ്ചയിച്ചാൽ, വളരെ ബുദ്ധിമുട്ടായിരിക്കും. ഈവശത്തെമാത്രം നോക്കി കൃഷിയെ ആദായകരമല്ലാത്ത ഒരു നിലയിൽ ആക്കത്തക്ക വിധത്തിൽ, കാഴ്ചക്കാരിൽ മുഴവൻ ശരിയായിട്ടുള്ള ഒരു ന്യായം കല്പിച്ചുകൊണ്ടാണ് ഗവൺമെണ്ടു് ചെയ്യുന്നതെന്ന വിചാരിക്കുവാൻ ന്യായമില്ല. കൃഷിയുടെ ചിലവു നോക്കുകയാണെങ്കിൽ കൃഷിക്കുവേണ്ട വളം, വിത്തു, കൃഷി ആയുധങ്ങൾ, വേലക്കൂലി ഇവക്ക കർഷകന്ന ചിലവാകുന്ന സംഖ്യയും ഗവൺമെണ്ടിൽനിന്ന കൊടുക്കുന്ന നെല്ലുവിലയും തമ്മിൽ ന്യായമായ യാതൊരു താരതമ്യവുമില്ല. ഇന്നത്തെ നിലക്ക സാധാരണ കർഷകന്ന അയാളുടെ ജീവിതത്തിന്ന ആവശ്യമായ നെല്ലുണ്ടാക്കുവാൻ സാധിച്ചാൽ അതു് അവനൊരു സമാധാനത്തിന്ന വഴിയാണെന്ന പറയാം. എന്തുകൊണ്ടെന്നാൽ അത്രമാത്രമെ അയാൾക്ക് ഇന്നത്തെ വിലയനുസരിച്ചു കൃഷി നടത്തുവാൻ സാധിക്കുകയുള്ളു. ഇന്നത്തെ നെല്ലുവിലയനുസരിച്ചു ആദായകരമായ നിലയിൽ കൃഷി നടത്തുവാൻ സാധിക്കയില്ല. ഇന്നത്തെതിലും വ്യത്യസ്തമായൊരു നിലയിൽ കൃഷിക്കാക്ക് സബ്സിഡി കൊടുത്തു കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ട ഒരു ഘട്ടത്തിൽ നാം ആയിതീർന്നിട്ടുണ്ട് എന്നുള്ളതു് തീച്ചയാണ്. ഈ വിഷമഘട്ടം തീർന്നിട്ടാണെങ്കിലും കാർഷികോല്പന്നങ്ങൾക്ക നമ്മുടെ നാട്ടിൽ ശരിയായിട്ടുള്ള ഒരു വിലത്തോതുണ്ടാകണമെന്നുള്ളതു് അത്യന്താപേക്ഷിതമാണ്. ഇൻഡ്യയിൽ ഒട്ടാകെ ഈ വിഷയത്തിൽ സെൻട്രൽ ഗവൺമെണ്ടു് പ്രത്യേകം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിവഴി അഖിലേൻഡ്യാ തോതിൽ കാർഷിക വിഭവങ്ങളുടെ വില തിട്ടപ്പെടുത്തുവാനുള്ള പരിശ്രമം നടക്കുന്നുണ്ട്. അങ്ങിനേയുള്ള പരിശ്രമത്തിൽ പങ്കുകൊള്ളേണ്ടതു് കൊച്ചീഗവൺമെണ്ടിനേറയും കടമയായിരിക്കും. ഇങ്ങിനെ ഒട്ടാകെയുള്ള നിയമവും പരീക്ഷണവും വന്നുചേർന്നുകഴിഞ്ഞാൽ അതു് നമുക്ക ഭാഗ്യമാണെങ്കിലും നമുക്കും ഈ രാജ്യത്തെ കാർഷികോല്പന്നങ്ങൾക്ക ശരിയായ വില കിട്ടുന്നതിന്ന ഒരു ഏർപ്പാടു ചെയ്യാതെ കഴിയുകയില്ല. കൃഷി ആദായകരമാക്കണം. എന്നാൽമാത്രമെ അവരുടെ ജീവിതത്തോതു ഉയർത്തുവാൻ സാധിക്കുകയുള്ളു. ഈ വിധത്തിലുള്ള ഒരു നില കൊച്ചീഗവൺമെണ്ടു് ഇതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയും ആ ഭാഗത്തുള്ള ആളുകളും തങ്ങളുടെ ലക്ഷ്യം അതാണെന്ന എത്രതന്നെ പറഞ്ഞാലും ഇന്നത്തെ നിലയിൽ ഞങ്ങളുടെ ലക്ഷ്യവുമായി യാതൊരു ഐകരൂപ്യവും അതിന്ന കാണുന്നില്ല. എന്ന പറയാതെ നിവൃത്തിയില്ല. ഏതായാലും ഞങ്ങളുടെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തുവാൻവേണ്ടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. മാണി: സർ, ഭക്ഷണകാര്യത്തെ സംബന്ധിച്ചു് കൊച്ചി അവിടത്തെ ജനങ്ങൾക്ക വേണ്ടിടത്തോളം ഭക്ഷണസാധനങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമല്ലെന്ന നമ്മിൽ അധികം ആളുകളും വിസ്വസിച്ചു വരുന്നതായി തോന്നുന്നുണ്ട്. പക്ഷെ ഞാൻ അത്തരത്തിലല്ല വിശ്വസിക്കുന്നതു്. കേരളം തന്നെ വളരെ ഫലപുഷ്ടിയുള്ള നാടാണ്. അതിലും പ്രത്യേകിച്ചു് കൊച്ചി ഒരു തരത്തിലും പിന്നണിയിലല്ല. ഈ കൊച്ചീരാജ്യത്തേക്ക വേണ്ടതും ഏതാനും അയൽ രാജ്യങ്ങൾക്ക കൊടുക്കുന്നതിനും മതിയായ ഭക്ഷണസാധനങ്ങൾ ഈ കൊച്ചീരാജ്യത്തുണ്ടാക്കുവാൻ സാധിക്കും. അതിന്ന ചിലപ്രത്യേക കാഴ്ചകളാണ് തടസ്ഥങ്ങളായിനില്ക്കുന്നതു്. പ്രധാനമായ ഒരു തടസ്ഥം കൊച്ചിയിലെ കൃഷിഭൂമികളൊക്കെതന്നെ യഥാർത്ഥ കർഷകന്റേതല്ല എന്നുള്ളതാണ്. നമ്മുടെ ഗവൺമെണ്ടിനേറയും നമ്മുടെ യഥാർത്ഥകർഷകരുടേയും മദ്ധ്യഎത്ര ഇടത്തട്ടുകാരാണ് ഇന്ന നിലകൊള്ളുന്നതെന്ന ആലോചിച്ചുനോക്കിയാൽ അറിയാം. പരശുരാമനാൽ ദാനമായികൊടുത്തകേരളം, പക്ഷെ അതുകൊടുത്തതു് ജന്മികൾക്കല്ല; എന്നാലോ പരശു, അതെ മഴു, ജീവിക്കുവാൻ ഉപകരിക്കുന്ന ആയുധമായി സ്വീകരിച്ചിട്ടുള്ള കർഷകനാണ്. അങ്ങിനെ ഈ കർഷകനുവേണ്ടിയായി ദാനം ചെയ്തിട്ടുള്ള കേരളം ഇന്നു് എതാനും ചില മുതലാളികളിലും ജന്മികളിലുമായി സ്ഥിതിചെയ്യുന്നു. ഇങ്ങിനെയാഥാർത്ഥ കർഷകനുവേണ്ടിയുള്ള കൊടുത്തിട്ടുള്ള അവകാശം ഇന്ന നമ്മുടെ നാട്ടിലെ എതാനും ചിലവ്യക്തികളിലാണ് സ്ഥിതിചെയ്യുന്നതു്. ഗവൺമെണ്ടിനേറയും യഥാർത്ഥ കൃഷിക്കാരനേറയും ഇടയിൽ ഒരു ജന്മി, ഒരു ക്രണാവകാശി, ഒരു പണയാവകാശി ഒരു വെറുമ്പാട്ടക്കുടിയാൻ, ആ വെറുമ്പാട്ടക്കുടിയാനാണ് യഥാർത്ഥത്തിൽ വസ്തുവിൽ വല്ലതും വേലയെടുക്കുന്നതു്. സർ, ഈ ഗവൺമെണ്ടിന്റെ നയ

LIBRARY ARCHIVES Kerala Legislative Assembly

ത്തെമാത്രം ഒന്നു നോക്കുക. ഒരു വെറുമ്പാട്ടക്കുടിയാൻ ബിൽ കഴിഞ്ഞ നിയമസഭയിൽ ഇവിടെ കൊണ്ടുവന്ന പാസാക്കി. വെറുമ്പാട്ടക്കുടിയാന്റെ വസ്തു ഒഴിപ്പിക്കലിൽ നിന്നും സ്വല്പം ശാന്തി ലഭിക്കുവാനുള്ള ഒരു ബില്ലായിരുന്നു അതു്. അതു ഇതുവരെ നിയമമായില്ലെന്നു അറിയുമ്പോൾ വെറുമ്പാട്ടക്കുടിയാന്റെ എന്തു രക്ഷയാണു് ഈ ഗവണ്മെണ്ടു ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇത്രകാലം ഈ ബിൽ ഹുസൂർ സിക്രട്ടറിയേറ്റിൽ വെച്ചുകൊണ്ടിരുന്നതു് ജന്മികളെ മനഃപൂർവ്വം സഹായിക്കുവാൻ വേണ്ടിയല്ലേ. ഇങ്ങിനെ ജന്മികളുടെ കൂട്ടുകെട്ടിൽ ഗവണ്മെണ്ടു നില്ക്കുന്ന കാലത്തോളം ഇവിടത്തെ കുടിയാന്റെ ഭൂമിയിൽ എങ്ങിനെ വേലചെയ്യുവാൻ സാധിക്കും. ഇന്നു പട്ടിണികിടക്കുന്ന കൃഷിക്കാർ വേലചെയ്തുണ്ടാക്കുന്നതു മുഴുവൻ യാതൊരുവേലയും ചെയ്യാത്ത മുതലാളിമാരും ജന്മികളുമല്ലെ അനുഭവിക്കുന്നതു്. യഥാർത്ഥത്തിൽ കൃഷി ധാരാളമായി വളർന്നുകാണണമെങ്കിൽ അതിനുള്ള കുടിയാന്റെ ആഗ്രഹമൊന്നുമാത്രമാണു്. ഇതിൽ പ്രധാനമായിട്ടുള്ളതു്. കൃഷിയിൽനിന്നു് എന്തെങ്കിലും കിട്ടുന്നതു് അവനു അനുഭവിക്കുവാനുള്ള മാർഗ്ഗം കൂടി സൃഷ്ടിച്ചുകൊടുക്കാതെയിരുന്നാൽ എങ്ങിനെ കർഷകനു ഭൂമിയിൽ വേലചെയ്യുവാൻ സാധിക്കും. അതുകൊണ്ടു് കൂടിയാൻ വേലചെയ്തു വിളവുണ്ടാക്കണമെങ്കിൽ അതിലേക്കു അവനെ കായ്മയായതരത്തിൽ പ്രേരിപ്പിക്കണം. തീപ്പെട്ടിയും ഇടയിൽ നില്ക്കുന്ന ഈ ജന്മികളേയും മുതലാളികളേയുമെല്ലാം മാറ്റുകയണം. കുടിയാനു കൃഷിഭൂമിയിന്മേൽ സ്ഥിരാവകാശം കൊടുക്കണം. ഇത്തരത്തിലുള്ള ഇടത്തട്ടുകാരെ ഇല്ലാതാക്കണം. അങ്ങിനെയുള്ള ഒരു നിയമം സൃഷ്ടിച്ചു് അതു നടപ്പിൽ വരുത്തിയാൽ കൊച്ചിയിൽ ഭക്ഷണപദാർത്ഥങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യത്തിൽ കൂടുതലായി വിളവുവർദ്ധിപ്പിക്കുവാൻ സാധിക്കും.

രണ്ടാമതു എനിക്കുപറയുവാനുള്ളതു് ഇന്നത്തെ പരിതസ്ഥിതിയിൽ കൃഷിക്കാർക്കു ഒരു വലിയ ബുദ്ധിമുട്ടുണ്ടു്. അവർക്കു വേണ്ടത്ര പണമില്ല. കൃഷിക്കുവേണ്ടി പുറപ്പെടുന്നതിനു മുമ്പു് ഏതാനും ചില മുതലാളിമാരിൽ നിന്നും അടുത്തവിളവിലെ ആദായം പണയംവെച്ചു് പണം കടംവാങ്ങിയാണു് കൃഷിയിൽ ഏർപ്പെടേണ്ടിയിരിക്കുന്നതു്. ഉദാഹരണമായി ഒരു സംഗതിപറയാം. ഈ നാട്ടിൽ ചിങ്ങമാസത്തിൽ ഓണക്കാലത്തു വെട്ടിയെടുക്കത്തക്ക വിധത്തിൽ വളരെ എത്തവാഴ കൃഷിചെയ്യുന്നുണ്ടു്. അതു് ഏതാണ്ടു മാസങ്ങൾക്കുമുമ്പു തന്നെ വ്യാപാരം നടത്തിക്കഴിഞ്ഞിട്ടുണ്ടു്. കുംഭം, മീനം മാസങ്ങളിൽ തന്നെ അതു് മുതലാളികൾക്കു കച്ചവടം ചെയ്തു കഴിഞ്ഞതിട്ടുണ്ടു്. സർ, ഈ കൃഷിക്കാരനു ഇതുകൊണ്ടു് എന്താദായമാണു് കിട്ടുക? പണം മേടിച്ചു കൃഷിചെയ്തു് വെള്ളം കോരി വളമിട്ട പ്രയത്നിക്കൽ മാത്രമല്ലാതെ കൃഷിക്കാരനു യാതൊരു ആദായവുമില്ല. കൂലി വെട്ടുവാനും കച്ചവടം ചെയ്തു വില വാങ്ങുവാനുമുള്ള ആൾ വേറെയാണു്. ഈ തരത്തിൽ സകലകൃഷിക്കാർക്കും അവർ കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങൾക്കു ശരിയായ വില വാങ്ങത്തക്ക പരിതസ്ഥിതിയില്ല. അതുകൊണ്ടു കൃഷിക്കാരനെ വേണ്ടതരത്തിൽ സഹായിക്കണമെങ്കിൽ, വിഭവങ്ങൾക്കു ശരിയായ വിലകിട്ടത്തക്കതരത്തിൽ പരസ്പരസഹായ സംഘാടിസ്ഥാനത്തിന്മേൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി നടപ്പിൽ വരുത്തണം. അവന്റെ കാർഷിക വിഭവങ്ങൾ അവനുതന്നെ വില്ക്കത്തക്ക ഒരു വ്യവസ്ഥ ഇവിടെയുണ്ടാകണം.

മൂന്നാമതു് എനിക്കു പറയുവാനുള്ളതു് ആദായകരമായ നിലയിൽ കൃഷിചെയ്യുവാനുള്ള ഒരു സയൻറിഫിക്കു് സ്റ്റഡികൊടുക്കണമെന്നാണു്. ഗവണ്മെണ്ടു പറയുമായിരിക്കാം നമുക്കു മാതൃകാ തോട്ടങ്ങളുണ്ടു്, അവിടെ വമ്പിച്ചതോതിൽ വിജയകരമായി കൃഷി നടത്തുന്നുണ്ടു് എന്നു്. സർ, ആ മാതൃകാതോട്ടങ്ങളെ സംബന്ധിച്ചാണു് ഒരു വാക്കു എനിക്കു പറയുവാനുള്ളതു്. സർ, അഗ്രികൾച്ചർ പ്രോപ്പർ എന്ന ഇനത്തിൽ വരവു് എമ്പത്തി നാലായിരത്തിൽ ചിലപ്പോൾ ഉറപ്പികയും ആ ഇനത്തിൽ ചിലവു് ഒരു ലക്ഷത്തി എഴുപതിനായിരത്തിൽ ചിലപ്പോൾ ഉറപ്പികയുമാണു്. ഇതിൽ വേറെ ഒരു പ്രത്യേകതകൂടിയുണ്ടു്. Hire of cattles എന്ന ഇനത്തിൽ ൨൭,൦൦൦ ക. വരവു് കാണുന്നുണ്ടു്. നമ്മുടെ മാതൃകാതോട്ടത്തിൽ കന്നുകാലി ഹയർ ചെയ്ത ഇത്രയും വരവുണ്ടോ എന്നു് എനിക്കു സംശയമാണു്. ബഹുമാനപ്പെട്ട മന്ത്രി അതിനൊരു വിവരണം തരുമെന്നു വിശ്വസിക്കുന്നു.

Panel Chairman : The Hon'ble Member may repeat the argument of income and expenditure since the Hon'ble Minister was not listening to it.

മിസ്റ്റർ പി. മാണി: മാതൃകാ തോട്ടത്തിൽനിന്നുള്ള വരവിൽ രണ്ടിരട്ടി ചിലവായിട്ടുള്ളതായിട്ടാണു് കാണുന്നതു്. ഇത്തരത്തിലുള്ള കൃഷിത്തോട്ടങ്ങൾകൊണ്ടു് നമുക്കു് എന്തു

LIBRARY ARCHIVES Kerala Legislative Assembly

കായ്മാണുള്ളതു". ഇത്തരത്തിലാണ് നമ്മുടെ മാതൃകാ തോട്ടത്തിന്റെ അനുഭവമെങ്കിൽ അതിൽനിന്നും ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുന്നതു് കൃഷി ഉരുതരത്തിലും ആദായകരമായ ഒരു തൊഴിലല്ലെന്നും നേരെമറിച്ചു് വളരെ നഷ്ടം നേരിടുന്ന ഒന്നാണെന്നുമാണു". അങ്ങിനെയെങ്കിൽ ഇതു് കഷ്ടകരാജ്യമാക്കാതെ മറെറന്തെങ്കിലുമായി മാറുകയായിരിക്കും നന്നു". ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ പറയുന്ന ഞങ്ങളെപ്പോലെയുള്ള യഥാർത്ഥ കൃഷിക്കാരെ നാലഞ്ചു കൊല്ലത്തേക്കു ഈ മാതൃകാ തോട്ടമൊന്നു ഏല്പിച്ചു തരിക. എന്നാൽ ഇന്നത്തെ അതിന്റെ വരവു ചിലവായിട്ടും അതിന്റെ ചിലവു വരവായിട്ടും ഞങ്ങൾ കാണിച്ചുതരാമെന്നു ഞാൻ ധൈര്യമായി പറയുന്നു.

മറെറാന്നു എനിക്കു പറയുവാനുള്ളതു് ഇവിടത്തെ ഇറിഗേഷനെക്കുറിച്ചാണു". ഇറിഗേഷന്റെ കായ്ത്തിൽ ഈ ഗവൺമെണ്ടിന്നു വലിയ വലിയ പദ്ധതികളുണ്ടു". അതൊക്കെ കടലാസ്സിൽ മാത്രമെയുള്ളു. കായ്ത്തിൽ ഒന്നുമില്ല. പ്രത്യേക പരീക്ഷകൾ പാസ്സായ ആളുകൾ പറഞ്ഞാൽ അതുമാത്രമാണു" ഗവൺമെണ്ടു് തത്വമായി സ്വീകരിക്കുന്നതു്. സാധാരണ കൃഷിക്കാർ പറഞ്ഞാൽ വിശ്വസിക്കയില്ല. തോട്ടവിളയെസംബന്ധിച്ചുതന്നെയാണു് ഞാൻ വീണ്ടും പറയുന്നതു്. അതിനെപ്പററി എനിക്കു നല്ലപോലെ അറിവുള്ളതുകൊണ്ടും അതു് ഏറവും അത്യാവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടുമാണു" ഞാൻ എല്ലാ സഭയിലും ഇതിനെപ്പററി പറയുന്നതു്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു തോട്ടവിളകളെ സംരക്ഷിച്ചിട്ടുണ്ടു്, അദ്ദേഹത്തിന്നു അതു് ബോദ്ധ്യപ്പെട്ടിട്ടുണ്ടു് എന്നു". പക്ഷെ ഈ ഗവൺമെണ്ടു് ഒരു കമ്മററിയെ നിയമിച്ചു. അതിൽ ൪ അംഗങ്ങളും ഉണ്ടായിരുന്നു. മൂന്നുപേരും അതാവശ്യമാണെന്നു അഭിപ്രായപ്പെട്ടു. കൃഷിവിദഗ്ദ്ധൻ പറഞ്ഞു അതാവശ്യമില്ലെന്നു". അതിനേക്കാൾ കൂടുതൽ എന്തധികാരമാണു് ബാക്കിയുള്ളവക്കുള്ളതു്. കൃഷിവിദഗ്ദ്ധൻ പറയുന്നു പാഴൂർ പഴയിൽനിന്നു് എക്കൽ കയറിട്ടാണു് അവിടെ കൃഷി വിളയുന്നതെന്നു". ബഹുമാനപ്പെട്ട പബ്ലിക്കഹെൽത്തു മന്ത്രിക്കോ മറെറാ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കൂടുതലായി ഒരു വിദഗ്ദ്ധാഭിപ്രായം പറയുവാൻ സാധിക്കുമോ ? ഏട്ടിൽകണ്ട പഴുതു പുല്ലു തിന്നുകയില്ല. കൊച്ചിരാജ്യത്തു് നൂറുക്കു് ഒരേക്കർ സ്ഥലത്തുപോലും എക്കൽ കയറിട്ടില്ലാ കൃഷിക്കാർ വേണ്ടതരത്തിൽ പണിയെടുത്തിട്ടും വളംചെയ്തിട്ടുമാണു് വിളവുണ്ടായിട്ടുള്ളതെന്നു ഇനിയെങ്കിലും ഗവൺമെണ്ടു് മനസ്സിലാക്കിയാൽ കൊള്ളാം. ന്യ ൦ ൰ൽ ചില്വാനം ഏക്കർ ഭൂമി ഇന്നു് ഒരുപ്പുപോലും വളരെ കഷ്ടിച്ചുമാത്രം വിളയുന്ന ഭൂമി, ഒന്നോ രണ്ടോ ലക്ഷം ഉറുപ്പിക ചിലവുചെയ്താൽ ഇരുപ്പുവായി കൃഷിചെയ്യുവാൻ സാധിക്കും.നാലായിരം പറയോളം ഭൂമിയിൽ അഞ്ചോ ആറോ മേനിമാത്രം വിളയുന്നതു് ൽ൦ മേനിയായിവിളയിക്കുവാൻ സാധിക്കും. ഇതുപോലെ എത്രയെത്ര പദ്ധതികളാണു് നമുക്കു നടപ്പിലാക്കുവാനുള്ളതു്. അതൊക്കെ നടപ്പാക്കണമെന്നുള്ള ആഗ്രഹവും കഴിവും ഇന്നത്തെ ഗവൺമെണ്ടിന്നുണ്ടായിരുന്നുവെങ്കിൽ ഇന്നു നമ്മുടെ മുമ്പിൽ നമ്മെ ഭയപ്പെടുത്തുന്ന ക്ഷേണക്ഷാമം നമുക്കൊരിക്കലും ഉണ്ടാകുമായിരുന്നില്ല എന്നു" ഞാൻ പറഞ്ഞുകൊള്ളുന്നു. സർ, കൃഷിയെ വിപുലീകരിച്ചു" കൃഷിക്കാരെന്നു" ആദായകരമായനിലയിൽ പ്രവൃത്തിക്കത്തക്കവണ്ണം അവരെ അതിൽ വിശ്വാസംവരുത്തിയാൽമാത്രമേ ഈ നാട്ടിന്നാവശ്യമായ ക്ഷേണസാധനങ്ങൾ ഉണ്ടാകയുള്ളു.

Panel Chairman : The Hon'ble Member has far exceeded his time limit.

മിസ്റ്റർ പി. മാണി: അതു" ചെയ്യാതെ ഈ മാതിരി ചിറമ്മനയം ഗവൺമെണ്ടും കൃഷി ഡിപ്പാർട്ടുമെണ്ടും കൃഷിക്കാരനോടുകൈക്കൊണ്ടിട്ടു യാതൊരു കായ്വുമില്ല. അങ്ങിനെയാണെങ്കിൽ ഈ മാതൃകാ തോട്ടങ്ങളെല്ലാം ഇപ്പോൾ വേണ്ടെന്നുവെച്ചു അതിന്നുവേണ്ടി ചിലവിടുന്ന പണം മറെറ കായ്ങ്ങൾക്കായി ചിലവിടണം. ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സർ, ഈ വാദപ്രതിവാദത്തിൽ രണ്ടുവാക്കുമാത്രമെ എനിക്കു പറയുവാനുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി എന്റെ സ്നേഹിതൻ ശ്രീ. കൃഷ്ണനെഴുത്തശ്ശന്റെ ഇതിന്നു മുമ്പിലത്തെ ഉപക്ഷേപത്തെപ്പററി ഇവിടെ വാദപ്രതിവാദം നടത്തിയപ്പോൾ ഗവൺമെണ്ടിന്റെ ഉദ്ദേശവും ഞങ്ങളുടെ ഉദ്ദേശവുമെല്ലാം ഒന്നുതന്നെയാണെന്നു വളരെ ഒച്ചപ്പാടോടുകൂടി ഇവിടെ പറഞ്ഞു. സർ, ഞാൻ ധൈര്യമായി പറയുന്നു ഗവൺമെണ്ടിന്നു കൃഷി നന്നാകണമെന്നുള്ള ഉദ്ദേശമില്ല എന്നു". ഈ ഗവൺമെണ്ടിന്നു കൃഷി നന്നാകണമെന്നാണുദ്ദേശമെങ്കിൽ, കൃഷിയെ വഞ്ചിപ്പിക്കണമെന്നാണുദ്ദേശമെങ്കിൽ, ക്ഷേണകായ്ത്തിൽ സ്വയം സമ്പൂർണ്ണത ഈ രാജ്യത്തുണ്ടായിരിക്കണമെന്നാണു" ഉദ്ദേശമെങ്കിൽ, ഈ തരത്തിലല്ല

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ മുന്നോക്കം കൊണ്ടുപോകുക. തെറ്റായ വശത്തിൽകൂടിയാണു് ഗവണ്മെണ്ടിന്റെ പരിപാടി തുടങ്ങിയിരിക്കുന്നതു്. ഗവണ്മെണ്ടിന്റെ പരിപാടി തുടങ്ങേണ്ട സ്ഥലത്തു തുടങ്ങാതിരിക്കയും അവസാനിക്കേണ്ട സ്ഥലത്തു അവസാനിക്കാതിരിക്കയുംചെയ്യുന്നു. കുറെ മുളകു തൈകളൊ, കുറെ ചീരതൈകളൊ, വഴുതിന തൈകളൊ കൊടുത്തതുകൊണ്ടുമാത്രം ഇവിടത്തെ ക്ഷേണക്ഷാമം തീരുമെന്നു വിശ്വസിക്കുന്നവരല്ല ഞങ്ങൾ. പക്ഷെ ക്ഷേണക്ഷാമം തീർക്കുന്നതിനു, ഈ രാജ്യത്തെ കൃഷിയെപോഷിപ്പിക്കുന്നതിനു, ഈ രാജ്യത്തെ കൃഷിക്കാരെ നല്ലനിലയിലാക്കുന്നതിനു കായ്മായി കൈക്കൊള്ളേണ്ട ചില പരിപാടികളുണ്ടു്. അതു് എന്റെ സ്വന്തം പരിപാടികളല്ല. കൃഷിയെപ്പറ്റി ചിന്തിക്കുവാൻ അർഹതയുള്ളവർ തീരുമാനിച്ചിട്ടുള്ള പരിപാടികളാണതു്. അവയെമാത്രം ഞാൻ ഈ സഭയുടെ മുമ്പാകെ വെക്കാം. ആദ്യമായി കൃഷി നന്നാകണമെങ്കിൽ കൃഷിക്കാക്കു കൃഷിയിൽ ശ്രദ്ധയുണ്ടാകണമെങ്കിൽ, ക്ഷേണകായ്ത്തിൽ സ്വയം സമ്പൂർണ്ണമാകണമെങ്കിൽ ഈ കൃഷിക്കാരുടേയും ഗവണ്മെണ്ടിന്റേയും ഇടയിൽ ചില ആളുകളുണ്ടു്. അവർ മാഞ്ഞു മറഞ്ഞു പോകണമെന്നു തീച്ചയാണു്. സാമ്പത്തിക ഘടനയിൽ അങ്ങിനെയുള്ള പരിവർത്തനം വന്നാലല്ലാതെ കൊച്ചിയെ ക്ഷേണകായ്ത്തിൽ സ്വയം സമ്പൂർണ്ണമാക്കുവാൻ സാദ്ധ്യമല്ല. ഗവണ്മെണ്ടിനും കൃഷിക്കാക്കും ഇടയിലുള്ള സകല വ്യക്തികളും മാഞ്ഞുമറഞ്ഞുപോകാതെ തരമില്ല. അതായതു് നാടുവാഴി പ്രഭുത്വത്തിന്റെ അവശിഷ്ടമായ ജന്മിസമ്പ്രദായം മാറണം. ഇതാണു് കൃഷിയെ വികസിപ്പിക്കുവാനുള്ള ആദ്യത്തെ പരിപാടി.

രണ്ടാമതായി നികുതി കായ്ത്തിലുള്ള നയം പാടെ മാറണം. ഏക്കറിനു ഇത്ര ഉറപ്പിക നികുതി ചുമത്തണമെന്നുള്ള സമ്പ്രദായം മാറണം. കൃഷിയുടെ തോതനുസരിച്ചു് കൃഷിയിൽ വലിയ ആദായമുള്ളവരോടു് ധാരാളം പണം വാങ്ങണം. ചെറിയ ഭൂപ്രദേശങ്ങളുള്ള ചെറിയ കൃഷിക്കാരോടു വാങ്ങിക്കുന്ന പണത്തിൽ കുറെ കുറക്കുക, നിവൃത്തിയുള്ളിടത്തോളം മേടിക്കാതിരിക്കുകയും വേണം.

മൂന്നാമത്തെകായ്ം കൃഷിക്കാരുടെ കടത്തെസംബന്ധിച്ചു് ചില ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണം. ചിലതെല്ലാം ഗവണ്മെണ്ടു് ചെയ്തിട്ടുണ്ടു്. പോരാത്തതുണ്ടെങ്കിൽ അതുംകൂടി ചെയ്തുകൊടുക്കണം. ഇങ്ങിനെ മൂന്നു കായ്ങ്ങളും മൌലികമായി ചെയ്യേണ്ടതുണ്ടു്. നാലാമതായി ജലസേചനപദ്ധതികളും ഉടനടി ഏറെറടുത്തു കൃഷിക്കാക്കു വെള്ളം കൊടുക്കണം. പ്രകൃതിയുടെ ആനുകൂല്യത്തിനു കൃഷിക്കാരെ വിട്ടുകൊടുത്താൽപോരാ.

പിന്നെ ഒരു കായ്ം എനിക്കു ഗവണ്മെണ്ടിനെ ഉപദേശിക്കുവാനുണ്ടു്. ഒരു ദിക്കിൽ രണ്ടൊ മൂന്നൊ ആയിരംപറ നെല്ലുണ്ടാക്കുന്ന സ്ഥലത്തു് നാല്പതിനായിരം പറ നെല്ലു് കൂടുതലുണ്ടാകണമെങ്കിൽ അതിലേക്കു നാലായിരമൊ അയ്യായിരമൊ ഉറപ്പിക ചിലവാക്കിയാൽ മതി. കൃഷിക്കു് വേണ്ട സൌകര്യങ്ങളും ഉണ്ടാക്കുന്ന കായ്ത്തിൽ പഞ്ചായത്തുകാരാണു് ചെയ്യേണ്ടതു് എന്നും പൊതുമരാമത്താണു് ചെയ്യേണ്ടതെന്നും സാധാരണ തർക്കം നടന്നു ഒടുവിൽ ചെയ്യാതിരിക്കയാണു് പതിവു്. കാട്ടർ തെക്കെപാടത്തു വളരെ കുറച്ചുപണം ചിലവിട്ടു ഒരു തോട്ടണ്ടാക്കിയാൽ അനേകായിരംപറ നെല്ലു് കൂടുതലുണ്ടാകുമെന്നുകണ്ടു് അതു് പൊതുമരാമത്തിൽനിന്നൊ പഞ്ചായത്തിൽനിന്നൊ വേണ്ടതു എന്നുള്ള വാദപ്രതിവാദത്തിൽ സംശയിച്ചു സംശയിച്ചു് അങ്ങിനെ നാലഞ്ചുകൊല്ലം നീണ്ടുപോയി. അവസാനം ആ പണി ഏറ്റുക്കാമെന്നുവെച്ചു. ഇപ്പോൾ എന്തായാവൊ? പണി നടന്നിട്ടില്ലെന്നമാത്രമറിയാം. ചില ചില്ലറ സൌകര്യങ്ങളും ഉണ്ടാക്കിയാൽമതി. വളരെ കൂടുതൽ നെല്ലുണ്ടാകുമെന്നു പബ്ലിക്കുവർക്സു് ഡിപ്പാർട്ടുമെണ്ടും പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടും സമ്മതിക്കുന്നുണ്ടു് എഞ്ചിനീയർപോയി സ്ഥലം പരിശോധിച്ചു. പഞ്ചായത്തു ഡയറക്ടരുടെ അടുത്തുപോയി നിവേദനംചെയ്തു. അതിപ്പോഴും അനേഷണത്തിലിരിക്കയാണെന്നു പറയാം. ഒരിക്കൽ ഒരു പരിപാടിയുണ്ടാക്കി. അതനുസരിച്ചു് പണിയേണ്ടകായ്ത്തിൽ പൊതുമരാമത്തു വകുപ്പും പഞ്ചായത്തുംകൂടി തല്ലുകൂടി ആ പണി വേണ്ടെന്നുവെക്കുന്ന സമ്പ്രദായമാണു് ഇവിടെ നടക്കുന്നതു്. ഇങ്ങനെയുള്ള തല്ലു് ഗവണ്മെണ്ടു് അറിഞ്ഞുള്ള തല്ലൊ ഡിപ്പാർമെണ്ടധികാരികൾ അറിഞ്ഞുള്ള തല്ലൊ എന്നറിഞ്ഞുകൂടാ. ഇതാണു് ഇവിടത്തെ ഭൂമിയിലെ കൃഷി നന്നാക്കുന്നതിനു വലിയൊരു തടസ്സമായിനില്ക്കുന്നതു്. ഈവക മൂന്നുനാലു പരിപാടികളും കൈക്കൊണ്ടാൽകൊച്ചിയിലെ കൃഷി നന്നാകും. ഈവക സംഗതികളും ഞാൻ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപെടുത്തികൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ പി. കെ. ഡിവർ: സർ, ഒന്നു രണ്ടു കാര്യങ്ങളും ഇതിൽ എനിക്കും പറയുവാനുണ്ട്. ഞാനൊരു കൃഷിവിദഗ്ദ്ധനല്ല. ഒരു ഭൂമിയുടെ ഒരു ഭാഗത്തിലുള്ള കൃഷിയെ സംബന്ധിച്ചാണെങ്കിൽ കുറച്ചു കാര്യമായി എനിക്കു പറയുവാൻ സാധിക്കും. വാസ്തവത്തിൽ നമ്മുടെ കൃഷിനയം എന്താണെന്നു ഗവണ്മെണ്ടു ഇതുവരെ വ്യക്തമാക്കീട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ രാജ്യത്തിനു ഈ രാജ്യത്തെ ജനങ്ങളെ പോറ്റുവാൻ ഉള്ള കെൽപുണ്ടാകണമെന്നുള്ള മോഹം ഇവിടത്തെ ഭരണാധികാരികൾക്കുണ്ടായിരിക്കണം. നമ്മുടെ രാജ്യത്തെ കൃഷിയുടെ കാര്യത്തിൽ വ്യക്തമായ ഒരു നയമുണ്ടെന്നു തോന്നുന്നില്ല. കൃഷി വർദ്ധിപ്പിച്ചു ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ പോറ്റണമെന്നുള്ള ആഗ്രഹം ഇപ്പോഴത്തെ ഗവണ്മെണ്ടിനു വന്നുകഴിഞ്ഞിട്ടില്ല. കുറെ കൃഷിയുണ്ടാകണമെന്നല്ലാതെ, കൃഷി എന്തിനുവേണ്ടി ഉണ്ടാക്കുന്നു എന്നു വ്യക്തമാക്കീട്ടില്ല. ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ പോറ്റേണ്ടതു ഗവണ്മെണ്ടിന്റെ ചുമതലയാണെന്നുള്ള ബോധം ഗവണ്മെണ്ടിനുണ്ടാകുമ്പോൾ മാത്രമേ അതിനുള്ള വഴികളും ഉണ്ടാകയുള്ളു. കൃഷിക്കു ഇപ്പോഴുള്ള ബുദ്ധിമുട്ട്, കൃഷിക്കു ഉത്സാഹിക്കുവാൻ ആളുകൾ ശ്രമിക്കാതിരിക്കുന്നതു, നെല്ലിന്റെ വിലക്കുറവാണു എന്നു ഞാൻ വിശ്വസിക്കുന്നില്ല. നെല്ലിനു കുറെക്കൂടി വില കൂട്ടുന്നതുകൊണ്ടു് അതു കൃഷിക്കാർക്കു കിട്ടും എന്നു ഞാൻ സമ്മതിക്കാം. എന്നാൽ ഈ അവസരത്തിൽ സാധാരണക്കാരന്റെ നിലകൂടി.....

Mr. Puthur Achyuta Menon *(Kattur)*: We are demanding for subsidies and not for enhancing the rate of paddy.

മിസ്റ്റർ പി. കെ. ഡിവർ: സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ എനിക്കു യാതൊരു ആക്ഷേപവുമില്ല. പക്ഷെ വിലകൂടിയല്ല കൃഷി വർദ്ധിപ്പിക്കേണ്ടതു്. ശരിയായി ഒരു രാജ്യത്തെ ജനങ്ങളുടെ രക്ഷയെ നോക്കേണ്ടതു വിലകൂട്ടുന്ന കാര്യത്തിലല്ല. ഒരു സാധനത്തിന്റെ വില കൂട്ടുമ്പോൾ അതനുസരിച്ചു സാധാരണ ജനങ്ങളുടെ ജീവതത്തോതും വർദ്ധിക്കും. അതനുസരിച്ചുള്ള കൂടുതൽ വേതനവും അവർ ആവശ്യപ്പെടുമെന്നുള്ളതു നാം ഒരിക്കലും വിസ്മരിച്ചുപോകരുതു്. കൃഷിക്കാർ സാധനങ്ങൾക്കു കൂടുതൽ വില ആവശ്യപ്പെടുമ്പോൾ അതിൽ പണിചെയ്യുന്നവർ കൂലി കൂടുതൽ ആവശ്യപ്പെടുവാനും നിർബ്ബന്ധിതരാകും. ആ നിലയിൽ ഗവണ്മെണ്ടിന്റെ ഇന്നത്തെ വീക്ഷണകോണത്തിൽ വലിയ മാറ്റം വരുത്തേണ്ടതുണ്ടു്. കൃഷി വികസിപ്പിക്കണമെങ്കിൽ അതിൽ വേല ചെയ്യുന്നവർക്കു് ആ സ്ഥലത്തു സ്ഥിരതമായ അവകാശമുണ്ടാകണം. പാട്ടഭൂമികം ഇല്ലാതെയാകുമ്പോൾ മാത്രമെ നമ്മുടെ രാജ്യത്തു കൃഷിവർദ്ധിക്കുകയുള്ളു എന്നാണു ഞാൻ വിശ്വസിക്കുന്നതു, ഇന്നു പാട്ടഭൂമിയിൽ കൃഷിചെയ്യുന്ന ഒരുത്തൻ അയാളുടെ നട്ടെല്ലൊടിഞ്ഞുണ്ടാക്കുന്ന കൃഷിയുടെ ഫലം മുഴുവൻ ആ പാട്ടത്തിന്നാണു കൊടുക്കുന്നതു.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ്: ഭൂമിഉടമസ്ഥനും നട്ടെല്ലൊടിഞ്ഞു വേലചെയ്തുണ്ടാക്കിയ പണം കൊടുത്തു വാങ്ങിയതാണു ഭൂമി.

മിസ്റ്റർ പി. കെ. ഡിവർ: എന്തൊ ചില ചുറപാടുകളാൽ ഷോഡതിപോലെ കിട്ടീട്ടുള്ളതാണു അധികവും. പണിയെടുത്തുണ്ടാക്കിയതാണെന്നു വെറുതെ പറഞ്ഞാൽ അതു സമ്മതിക്കുവാൻ തരമില്ല. കൌശലത്തിന്റെ ഫലംകൊണ്ടുണ്ടാക്കിയതാണെന്നു മാത്രമെ പറയുവാൻ തരമുള്ളു. പണിയെടുക്കുന്നവരെല്ലാം നട്ടെല്ലുപൊടിഞ്ഞു കാലത്തു മുതൽ വൈകുന്നേരംവരെ പണിയെടുക്കുന്നുണ്ടു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ്: പണിയെടുത്തിട്ടു കാര്യമില്ല. തലയിൽ സാമാനം വേണം.

മിസ്റ്റർ പി. കെ. ഡിവർ: ആളുകളെപ്പററിക്കുവാനുള്ള സാമാനം അവന്റെ തലയിലില്ല. പരവഞ്ചന അവനില്ല. പരദൂഷണം അവന്റെ തലയിലില്ല. അതില്ലാത്തതുകൊണ്ടു് അവൻ പണക്കാരനാകാത്തതാണു്. പണിയെടുത്തു പണക്കാരനാകുവാൻ സാദ്ധ്യമല്ല. പണിയെടുക്കുന്നതു അവന്റെ ജീവിതത്തിനു ആവശ്യമായ കഴിവുണ്ടാക്കുവാൻ വേണ്ടിയാണു്. ഗവണ്മെണ്ടിന്റെ ആദർശം ഇതായിരിക്കണം. വാസ്തവത്തിൽ ഇവിടെ കൃഷിചെയ്യുന്ന ആളുകൾക്കു പാട്ടം കൊടുക്കുന്ന ബുദ്ധിമുട്ടു മാറണം. കൂട്ടുകൃഷിസമ്പ്രദായത്തിൽ കൃഷിചെയ്യുന്നവർക്കെല്ലാം ഇവിടെ ഉടമയുണ്ടായിരിക്കണം. ആ കൂട്ടുകൃഷി എപ്പോഴും നടപ്പിൽ വരുമ്പോൾ മാത്രമെ ഇവി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ടത്തെ കൃഷി വളരുകയുള്ളൂ. പാട്ടം പിരിക്കുവാൻ സാധിക്കാതെ വരുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകളെ തിക്കുവാൻ വേണ്ടി ജന്മികളുടെ തറവാട്ട ഭരിച്ചുകൊടുക്കുവാനുള്ള മരണാധികാരം കൂടി സർക്കാർ എറെടുത്തിരിക്കുന്നു. ഇങ്ങിനെയുള്ള ആളുകളിൽനിന്നു Revenue Recory Act പ്രകാരം പണം പിരിച്ചു ജന്മികളെ പോറവാനുള്ള ഒരു സമ്പ്രദായമാണു" ഇന്നത്തെ ഗവമ്മെണ്ടിനുള്ളതു". മുതലാളിമാരുടേയും ജന്മിമാരുടേയും തറവാട്ടകാര്യം ഭരിച്ചുകൊടുക്കുവാനുള്ള കാലമെല്ലാം പോയി. ഇന്നു ജന്മിക്കു കൃഷിചെയ്യുവാൻ ആവശ്യമുള്ള സ്ഥലം മാത്രം അവരുടെ കയ്യിൽവെച്ചുകൊടുത്തു" ബാക്കിയുള്ളതു മുഴുവൻ എല്ലാവർക്കുമായി വീതിച്ചു കൊണ്ടുള്ള ഒരു കൂട്ടുകൃഷിസമ്പ്രദായം ഇവിടെനടപ്പിൽവരുമ്പോൾ മാത്രമെ നമ്മുടെ രാജ്യം വളരുവാൻ പോകുന്നുള്ളു എന്നുള്ള അഭിപ്രായമാണ്" എനിക്കുള്ളതു".

Mr. Paramel Ipe Ipe *(Kunnamkulam)*: Sir, I fully endorse the view that an all embracing agricultural policy is an absolute necessity to make our country self-sufficient in food materials. It is also absolutely necessary that we should launch upon such a policy at the earliest possible time as we can. But conditions remaining as it is and the limitations in which we are placed can we do anything to give any impetus to the agricultural cultivation in our country. I wish to make humble suggestion with which we can give an impetus under the grow more food campaign and an inducement to every man to cultivate every bit of the land that he has in his possession. The present method of pamphleteering regarding cultivation is a sort of impetus in western countries where people reside in great cities where they have not seen even cultivation of any agricultural produce. They might not have experienced the fancy of planting even the little plants. For such people this pamphleteering may be necessary to induce them how to cultivate. But for an essentially agricultural country like India and where the inhabitants of Cochin do not reside in big towns, it requires no tuition in such lines. But one thing there must be. There must be security for the plants, that we cultivate. There must also be sufficient supply of water. Even without the supply of manure by our Government our forefathers have been taking to cultivation and we were to some extent able to meet our demands with our food materials. But as at present without launching into these big schemes it must be done and let us see whether we can do anything in that direction.

The suggestion that I wish to make is there must be sufficient security that our agricultural operations will not be ravaged by cattle. For this I wish to place before the House that the Cattle Trespass Act and the Rules framed thereunder are not sufficient for this purpose. There may be sufficient preventives. We can take the matter either to a civil or criminal court. But that is not going to solve the problem. That will not be a sufficient inducement for a person to go into his small bit of property to cultivate. I would suggest to this House that some amendments may be made immediately to the Act and make it so rigorous that no owner of cattle will allow them to stray freely. (*Hear, hear*). In that I would also suggest another thing. There is already a scheme launched upon by the Government by which it is proposed to set apart 20 acres of land in each village for pasture grounds. I would request the Government to make the grounds in such a way that it may be fenced with barred wires so that the cattle when once it gets into the ground may not go outside. If anybody wishes to have his cattle sent out he should take it there and leave it there so that it can remain there without wandering. In this we will not be doing any harm to the cattle worth of our country. Let us have this land immediately so that no cattle can be seen anywhere and this will induce every man to cultivate. Unless the apprehension in the minds of the people is clear nobody will take to intensive cultivation. This apprehension makes him think 'why should I cultivate'. So it is I request to the Government have this pasture lands in every village. Make the provisions of the Act more rigorous and more stringent in order that we can find not cattle anywhere. I do not think that there is any definition in the Act of the term 'stray cattle'. In village parts we find not only these stray cattle but we find also these cows being let loose by owners if they are not milching ones. After the milching period is over the cow is allowed to stray about and after some months when it is about to give birth or when it actually gives birth the poor people in the villages take them to the owner and they get something. In that way many people are doing. That may be good for them on account of the increased cost of fodder. But in these days of famine certainly we must put a stop to this irresponsible way of rearing cattle. Cattle must not be allowed to stray and it must be made known to everyone. Even in the front of our houses if we plant some small plants yielding vegetables it is being spoiled by these cattle. If on the other hand cattle are not allowed to roam about and if one is assured that he has get security for his crop, it may be an incentive for him to take to cultivation every inch of land available with him. My view is that

LIBRARY ARCHIVES Kerala Legislative Assembly

we will be able to make a fair advance towards the advancement of our aim and our country can be made self-sufficient.

The next solution that I wish to make before the House is that we must have sufficient water. For that we will have to launch upon irrigation schemes that will supply plenty of water to every cultivator. For that it requires some time. We cannot do it within a day or two. There is no use of finding fault with anybody for this. Already there are many schemes with the Government and they are in their shelves. I know there are ever so many practical difficulties in making the schemes a success and put them into immediate action. But we can make use of this ordinary rain water for cultivation purposes. From the month of Edavam onwards we can cultivate our lands without any difficulty. But during the hottest part of the year there is scarcity of water and for that Government must launch upon some schemes as early as possible. As the situation stands today, we must amend the Act or put before the House a new legislation so that there may not be a single stray cattle. With these observations I support the the motion.

മിസ്റ്റർ കെ. കെ. കണ്ണൻ : സർ, ഭക്ഷണകാര്യത്തിൽ കൊച്ചി സ്വയം പര്യാപ്തമാകണമെന്നുണ്ടെങ്കിൽ ഭക്ഷ്യോല്പാദനപദ്ധതിയുടെ വികസനം ആവശ്യമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അതിനു പല പദ്ധതികളും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ജലസേചനം അത്യാവശ്യമാണു്. ഉല്പന്നങ്ങൾക്കു തക്ക വില ക്രട്ടണ്ടതും അത്യാവശ്യമാണു്. അതു സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല. കൃഷി ചെയ്യുന്നവനു് അതു ശരിക്കു നടത്തുവാനുള്ള പ്രേരണയും ഉത്സാഹവും ഉണ്ടാക്കേണ്ടതിനു് ഈവക കാര്യങ്ങൾ ഏറ്റവും അത്യാവശ്യമാണു്. ഗവമ്മെണ്ടിൽനിന്നു ജലസേചനപദ്ധതി വിപുലപ്പെടുത്തിയും ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചും കൃഷിക്കാരെ സഹായിച്ചില്ലെങ്കിൽ ഈ രാജ്യത്തെ ഭക്ഷണക്ഷാമത്തിനു പരിഹാരമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ അതിനെ അടിസ്ഥാനപ്പെടുത്തി മാത്രം ഇവിടത്തെ നിയമത്തെ ഭേദപ്പെടുത്തിയാൽ പോരായെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു ജലസേചനപദ്ധതി വിപുലമാക്കിയാലും, കാലോചിതമായി ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചാലും കൃഷിക്കാരുടേയും സാമാന്യജനങ്ങളുടേയും ജീവിതത്തെ താരതമ്യപ്പെടുത്തി സാമാന്യജനങ്ങൾക്കു് ഈ രാജ്യത്തു സുഖമായി ജീവിക്കുന്നതിനുള്ള നിയമം ഇവിടെ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഇന്നു് ഈ കൃഷി എപ്പാടുകളെല്ലാം ഇവിടെ നടന്നു കൊണ്ടിരിക്കുന്നതു് ജന്മിയുടെ അധീനതയിലാണു്. കർഷകന്മാർ അദ്ധ്വാനം ചെയ്തുണ്ടാക്കുന്ന സമ്പാദ്യമെല്ലാം ജന്മിയുടെ പെട്ടിയിലേക്കാണു് പോകുന്നതെന്നുള്ള കാര്യം വിസ്മരിക്കത്തക്കതല്ല. അതുകൊണ്ടു് ഇവിടത്തെ ജന്മിസമ്പ്രദായം എടുത്തുകളഞ്ഞാലല്ലാതെ കൃഷി വികസിപ്പിക്കുന്നതുകൊണ്ടോ ജലസേചനപദ്ധതി നടപ്പാക്കിയതുകൊണ്ടോ ദൂരവ്യാപകമായ യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അങ്ങിനെയാണു് ഇവിടത്തെ നിയമം. ആ നിയമം ഇവിടെ ഉള്ളിടത്തോളം കാലം കർഷകനു യാതൊരു ഗുണവും ഉണ്ടാവുകയില്ല. ഒരു പറ നിലത്തിലുണ്ടാകുന്ന നെല്ലിന്റെ മുക്കാൽ ഭാഗവും ജന്മിക്കു പാട്ടം കൊടുക്കേണ്ടിവരുമ്പോൾ കർഷകനു് എത്ര രക്ഷയാണുള്ളതു്? അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇവിടത്തെ ജന്മിതപം അവസാനിപ്പിച്ചു്, കൃഷിചെയ്യുന്നതിനുള്ള ഭൂമിയെല്ലാം കൃഷിക്കാരന്റേതാക്കിത്തീർക്കണമെന്നുള്ളതാണു്. കർഷകനു സ്വന്തമായ ഉടമാവകാശം വേണം. അതിനു വേണ്ടിയുള്ള നിയമമാണു് ഇവിടെ നാം നടപ്പിലാക്കേണ്ടതു്. എന്നാൽ ഇതൊരുപക്ഷെ എളുപ്പം സാദ്ധ്യമാകുകയില്ലായിരിക്കാം. എളുപ്പം സാധിക്കാവുന്ന ഒരു കാര്യമല്ലെന്നു ഞാൻ ഇപ്പോൾ സമ്മതിച്ചുതന്നേക്കാം. എങ്കിലും ഇതു കൂടാതെ കഴിയുകയില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. സോഷ്യലിസ്റ്റു് അടിസ്ഥാനത്തിലുള്ള ഒരു കൃഷിവികസനപദ്ധതിയാണു് ഇവിടെ നടപ്പാക്കേണ്ടതു് എന്നുകൂടി എനിക്കഭിപ്രായമുണ്ടു്. എന്നാൽ ഇപ്പോഴുള്ള കൃഷിക്കാരുടെ ദുരിതങ്ങൾക്കു് ഒരു തൽക്കാലശാന്തി വരുത്തുവാനെങ്കിലും ഗവമ്മെണ്ടു കാര്യമായിട്ടുള്ള നിലയിൽ ജലസേചനപദ്ധതിയും മറ്റും നടപ്പാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അതോടൊപ്പംതന്നെ ഉല്പന്നങ്ങൾക്കു വില അധികം കുടാത്ത നിലയിൽ, എന്നാൽ ഏതാണ്ടു കൃഷിക്കാർക്കു വലിയ നഷ്ടം നേരിടാതെ ആശാസ്യമായ ആദായമുണ്ടാകുന്ന നിലയിൽ ഇവിടത്തെ കൃഷിയെ വർദ്ധിപ്പിക്കേണ്ടതാണു്. അതോടൊപ്പംതന്നെ സാമാന്യജനങ്ങളുടെ ജീവിതത്തേയും. ഉയർത്തുന്ന കാര്യത്തിലും ഗവമ്മെണ്ടു ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. Parambi Lonappen *(Minister for Public Health)*: Sir, before I reply to the various observations made by the Hon'ble Members, I wish to make a correction on page 3 of

LIBRARY ARCHIVES, Kerala Legislative Assembly

the Budget estimates, it has been brought to the notice of the Government by the Hon'ble Member Mr. Mani, it has been printed "sale of cattle" hire of cattle Rs. 22,000, dairy section Rs. 150 and so on. It is a mistake. For hire of cattle it ought to be two dots and the other figures have to be brought down. There is no expenditure on hire of cattle at all.

Now, regarding the observations made by the Hon'ble Members on this cut motion. Before I answer again on those observations, I wish to make another statement. When I was replying upon the previous cut motion moved by Mr. V. R. Krishnan Ezhuthassan regarding the distribution of manure, implements, seedlings, etc., I no doubt stated that there cannot be any difference in the intentions between the Government and the Opposition and the other members belonging to the other Parties. I still maintain that even after hearing the observations made by the Hon'ble Members like Mr. V. R. Krishnan Ezhuthassan and Mr. Achutha Menon. Mr. Achutha Menon in his speech stated certain methods or ways by which the status of the tenants can be improved. That is a different matter altogether.

Mr. Puthur Achutha Menon *(Kattur):* That is for the improvement of agriculture.

Mr. Parambi Lonappen *(Minister for Public Health):* The status and schemes for the improvement of the status of the tenants have nothing to do with the methods of extending and intensifying agriculture.

Then again Mr. Krishnan Ezhuthassan said that the intentions must be different from the way in which they are executed.

Mr. V. R. Krishnan Ezhuthassan *(Oorakam):* It must be.

Mr. Parambi Lonappen *(Minister for Public Health):* I am really sorry that intentions are different from actual execution. It does not mean therefore that the intention is entirely different from the intention of the opposition members. I stated that it has been after investigation found that it will be almost difficult to make our country self-sufficient in the matter of food. I think I am not far wrong in that statement. Still, though it is our target and our intention to see that we make ourselves self-sufficient in the matter of food, it is a well-known fact that our population is vast increasing and the limited area for cultivation however much we may extend it cannot be extended beyond a certain limit, but our population is increasing and however much we may implement the success of the agricultural operations, by irrigation and improved methods of agriculture or manuring it has been found that we will not be able to reach self-sufficiently. It may that it is possible to make India self-sufficient. That does not mean that on account of our increasing population which goes at 25% every 10 years, it will be possible for a small State like Cochin with the limited area of agriculture to make us self-sufficient. The idea of the Government is to make the State as far as possible self-sufficient.

Regarding the lack of policy on the part of the Government to carry on the Agriculture Department with a view to making it a paying industry to the agriculturists and making it self-sufficient, as I said before, it is not possible to make it self-sufficient.

Mr. V. R. Krishnan Ezhuthassan *(Oorakam):* May I know if it is impossible for us to do what Japan does?

Mr. Parambi Lonappen *(Minister for Public Health):* That is what I stated. The point is this. We have got only a limited extent of territory which can be cultivated. You know that during war time every effort has been made to grow more food, even cutting away reserve forests, which is intended for other useful purposes, and a lot of money has been spnent.

Mr. Puthur Achyuta Menon *(Kattur):* Wasted.

Mr. Parambi Lonappen *(Minister for Public Health):* Still we were not able to get the necessary quantity of food-grain for our consumption. Of course, it is a very good thing to reach self-sufficiency. Our difficulty is on account of the fact that our acreage is limited, but our increase of population is very great; we are a most thickly populated country in the world, I think. Regarding the lack of policy what I submit is the Government have got a policy of enlarging and extending agricultural operations in the State.

Mr. P. Sankara Menon *(Trichur-North):* Has it got a policy at all?

Mr. Parambi Lonappen *(Minister for Public Health):* A restricted policy I do not say it is a wide policy or a comprehensive policy—a restricted policy and that restricted policy is to supply water to the agriculturists by irrigation methods, supply manure to them in large quantities, supply to them implements, improved implements and so on. Of course any wider policy if

LIBRARY ARCHIVES Kerala Legislative Assembly

suggested will be very useful. As a matter of fact I thought, as the mover of the cut motion is in the Agricultural Advisory Committee, with his zeal for agricultural improvement, he would have helped the Government with detailed plans.

Mr. V. R. Krishnan Ezhuthassan *(Oorakam):* Our Committees are useless.

Mr. Parambi Lonappen *(Minister for Public Health):* As a matter of fact four meetings have been summoned and the Committee sat. I do not criticise the Hon'ble Member for not giving any policy. I assure the House that if any such policy is proposed and placed before the Government, that will be taken into serious consideration to see whether we can make ourselves self-sufficient and to make agricultural industry, a paying industry.

മിസ്റ്റർ ജോസ്സ് കെ. വള്ളിസ്സ്: ബഹുമാനപ്പെട്ട കന്നംകളും മെമ്പർ അതിനെ സ്പർശിച്ച് സംസാരിച്ചു.....

Mr. Parambi Lonappen *(Minister for Public Health):* I am sorry I forgot about it. There is a proposal to set apart 20 acres of land for pasture purposes. Of course we were not able to find out 20 acres of land, poramboke land, for every village, but I think from the report I got from the Diwan Peishkar I think we are able to set apart 20 acres of land for pasture purposes. But then there is the question of cost involved in maintaining it and make it a really good pasture land. It is not enough if a pasture land is provided without actually growing some fodder in it. It required further investigation and expenditure. It is placed before the Post-war Committee and it will soon be put into execution.

Regarding the Cattle Trespass Act, I can't say now as to what could be done. If Government think that stricter measures are to be adopted for preventing cattle destroying the production of agriculturists, of course Government will seriously consider that.

*മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എനിക്ക രണ്ടുവാക്ക മാത്രമേ പറയാനുള്ളു. ബഹുമാനപ്പെട്ട മന്ത്രിയുടെ ലക്ഷ്യവും ഞങ്ങളുടെ ലക്ഷ്യവും തമ്മിലുള്ള താരതമ്മ്യത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അതു കാത്തുനടത്തിപ്പിനുള്ള കാര്യമാണ്. എനിക്ക അദ്ദേഹത്തോടും ഗവണ്മെണ്ടിനോടും ചോദിക്കാനുള്ളതു, ഈ നാട്ടിൽ ഓരോ ഏക്ര ഭൂമിക്കും ജലക്ഷാമമില്ലാതാക്കാൻ സാധിക്കുമോ? ഈ നാട്ടിലെ എല്ലാ കൃഷിക്കാക്കും ശാസ്ത്രീയമായ രീതിയിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള വിത്തുകളം കൊടുക്കാൻ സാധിക്കുമോ? കൃഷിക്കാക്ക ആവശ്യമായിട്ടുള്ള ഉപകരണങ്ങളും, ആയുധങ്ങളും മറ്റു സാമഗ്രികളും ശാസ്ത്രീയമായിട്ടുള്ള രീതിയിൽ നിർമ്മിച്ചുകൊടുക്കുവാൻ സാധിക്കുമോ? കൃഷി സംബന്ധമായി അനേകം പരിഷ്കാരങ്ങളും എല്ലാ രാജ്യങ്ങളിലും വന്നിട്ടുള്ളതുപോലെയുള്ള പരിഷ്കാരങ്ങളും നമ്മുടെ രാജ്യത്തും വരുത്തുവാൻ സാധിക്കുമോ എന്നാണ്? ഇതെല്ലാം ചെയ്യാൽ നമുക്ക ആവശ്യത്തിനുവേണ്ട കാർഷിക വിഭവങ്ങളും ഉണ്ടാക്കാൻ സാധിക്കും; നമ്മുടെ വ്യവസായത്തിനു ആവശ്യമായ സാധനങ്ങളും ഉണ്ടാക്കാൻ സാധിക്കുമെന്നു ഞാൻ പറയുന്നു. സാധിക്കാതെ കഴിയുകയില്ലെന്നുള്ളതു നമുക്കറിയാം. നമുക്ക ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽനിന്നും സഹായം കിട്ടുമായിരിക്കാം. പക്ഷെ അതുകൊണ്ടുമാത്രം നമുക്ക സംതൃപ്തിയോടുകൂടി ഇരിക്കാൻ സാദ്ധ്യമല്ല. നമ്മുടെ ഈ ദുരിതാവസ്ഥയിൽ ഇവിടെ താമസിക്കുന്ന ഞങ്ങൾക്കും ആവശ്യമായ സാധനങ്ങളും സൃഷ്ടിക്കുവാനുള്ള കഴിവുകളും ഈ ഗവണ്മെണ്ടിനും ജനങ്ങൾക്കും ഉണ്ടോ എന്നുള്ള ചോദ്യത്തിനു സമാധാനം പറയാൻ ഇന്നത്തെ ഗവണ്മെണ്ടിനു സാദ്ധ്യമല്ലെന്നു എനിക്ക നിശ്ചയമുണ്ട്. ആ ഗവണ്മെണ്ടു മാറണമെന്നാൽ ഇതു സാദ്ധ്യമാകുമെന്നും എനിക്ക നിശ്ചയമുണ്ട്. കോൺഗ്രസ്സ് ഗവണ്മെണ്ടു നിശ്ചയിച്ച പ്ലാനിംഗ് കമ്മീഷൻ അതിനു തയ്യാറായിട്ടേയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവർ വിചാരിച്ചാൽ ഇതു സാദ്ധ്യമാകുമോ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അവർ അതു നടത്തും. പ്ലാനിംഗ് ചെയ്യാനുള്ള കമ്മീഷന്റെ അഭിപ്രായം രൂപീകരിച്ചു കഴിഞ്ഞു. ഇനി ആ അഭിപ്രായമനുസരിച്ചുള്ള കാര്യങ്ങൾ നടത്തുവാനുള്ള കാലമാണ് വരുന്നതു. കോൺഗ്രസ്സ് ഭരണം ഏറെറടുത്തിട്ടുള്ള പ്രദേശങ്ങളിൽ ഇന്നത്തെ വ്യവസ്ഥകൾക്കെല്ലാം മാറ്റംവന്നു കഴിഞ്ഞിട്ടുണ്ട്. രാവിലെ തന്നെ ഞാൻ വ്യക്തമായി ചൂണ്ടിക്കാണിച്ചു മദ്രാസ്സ് ഗവണ്മെണ്ടു മലബാർ ജില്ലയിൽ കൃഷി ക്കാവശ്യമായി വളംവിതരണം ചെയ്യുന്ന രീതിയെക്കുറിച്ചു. ബീഹാറിലും മറ്റും ജന്മിസമ്പ്രദായവും സെമിന്ദാരി സമ്പ്രദായവും പാടെ മാറ്റുവാൻ ശ്രമിക്കുന്നതായും നമ്മൾക്കറിയാം.

Mr. P. A. Muhamad Ashrof *(Cranganur):* There is no Zemindari system here.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സെമിന്താരിസിസ്റ്റം ഇല്ലെങ്കിലും അതിനോട് ഇല്യമായ ജന്മിത്വസമ്പ്രദായമാണ് ഇവിടെയുള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കാത്തതിൽ വ്യസനമുണ്ട്.

Mr. Parambi Lonappen (*Minister for Public Health*): That has nothing to do with the cut motion.

Mr. V. R. Krishnan Ezhuthassan (*Oorakam*): It has got everything to do.

Mr. Puthur Achyuta Menon (*Kattur*): The cut motion is about the agricultural policy of the Government.

Mr. Parambi Lonappen (*Minister for Public Health*): I find that the cut motion is like this. I am not going to enter into a serious controvorsy on this, but the cut motion is about the lack of proper agricultural policy.

Mr. V. R. Krishnan Ezhuthassan (*Oorakam*): This certainly comes under the agricultural policy.

Mr. Parambi Lonappen (*Minister for Public Health*): You can bring everything under the sun within agriculture.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ വിഷയത്തിൽ ഗവർമ്മെണ്ടിന്റെ നയം എന്താണെന്ന് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രി അവർകൾക്ക പറയാൻ സാദ്ധ്യമല്ലെന്ന എനിക്കറിയാം. എതായാലും അദ്ദേഹത്തിന്റെ വകുപ്പിൽ പെടാത്തതു കൊണ്ടാണ് ഞാൻ ആ കാര്യത്തെക്കുറിച്ചു കൂടുതൽ ഒന്നും പറയാത്തതു. കൃഷിക്ക് ഉപയുക്ത നിയമങ്ങൾ സൃഷ്ടിക്കാനും മറ്റും അദ്ദേഹത്തിന്നധികാരമില്ല. ഇപ്പോഴത്തെ ഗവർമ്മെണ്ടിന്റെ കൃഷിസംബന്ധമായ നയത്തെക്കുറിച്ചു ഒരു വാക്ക പറയുകയാണെങ്കിൽ, ഇന്നത്തെ ജനിപ്രസ്സമ്പ്രദായത്തിന്ന വേണ്ടി എന്തെങ്കിലും ചെയ്യുവാൻ കഴിയുമെന്നല്ലാതെ മറെറാന്നും ചെയ്യുന്നതെന്ന പറയുവാൻ നിവൃത്തിയില്ല. അതു രണ്ടോ നാലോ ദിവസത്തിന്നുള്ളിറം നടക്കാൻ പോകുന്ന ഒരു വിഷമാണെന്ന് ഇവിടെ വിളിച്ചുപറയുകയുണ്ടായി. ആ സംഗതി ഇതിന്ന വ്യക്തമായ ഒരു സൂചന നല്കുന്നുണ്ട്. ഗവർമ്മെണ്ടിന്റെ ഉപദേശമനസരിച്ചാണ് ആ വിഷയം പത്രാലോചനക്ക വരുന്നതെന്ന ഞാൻ കരുതുന്നു. അങ്ങിനെയാണെങ്കിൽ ഈ നാട്ടിലെ പാവപ്പെട്ട കുടിയാന്മാരെ അടിമുടി അറംവരെ ദ്രോഹിക്കാൻ തക്കമുള്ള ജന്മിക്ക താങ്ങും തണലുമായി നില്ക്കുവാനാണ് ഈ ഗവർമ്മെണ്ട പരിശ്രമിക്കുന്നതെന്ന വളരെ വ്യക്തമാകുന്നുണ്ട്. അതിനെക്കുറിച്ചു ഞങ്ങൾക്കുള്ള അഭിപ്രായം ഗവർമ്മെണ്ടിനും കൃഷിക്കാർക്കും ഇടക്ക നില്ക്കുന്ന സകല ഇടത്തട്ടുകാരും അവരുടെ പാരമ്പര്യവും മറവും എന്നുതന്നെയായാലും അതെല്ലാം നിശ്ശേഷം നിർമ്മാജ്ജനം ചെയ്യുക എന്നുള്ളതായിരിക്കും ഭാവി ജനകീയ ഗവർമ്മെണ്ടിന്റെ ഉദ്ദേശമെന്നുള്ളതു ഒരു പക്ഷെ നോട്ടിസ്സായി എടുത്താലും തരക്കേടില്ല. ഇത്രയും ഞാൻ പറഞ്ഞവസാനിക്കുന്നു.

Panel Chairman Does the Hon'ble Member wish to press the motion?

Mr. V. R. Krishnan Ezhuthassan (*Oorakam*): I don't press the motion.

Motion, by leave withdrawn

5. Consistent failure of crops at Puthenpadam.

Mr. K. A. Raghavan (*Nominated*): Before I move the cutmotion, I request the Chair to allow me to make a change in the motion. Here it is printed as "Chunganpadam", but it is "Puthenpadam".

The motion so corrected is as follows.—*To reduce the allotment of Rs. 4,74,954 for Agriculture in Demand No. 2 by Re. 1* (പള്ളിപ്പുറം വില്ലേജ് (പുത്തൻപാടം) കൃഷിക്ക കഠിനമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പിഴവുകളെ മുന്നിക്കാണിക്കുവാനും കൃഷി ഡിപ്പാർട്ടുമെണ്ടിന്റെ അടിയന്തരമായ ശ്രദ്ധയെ ആ വിഷയത്തിലേക്ക ക്ഷണിക്കുവാനും).

ഈ ഉപക്ഷേപം പള്ളിപ്പുറം, കഴുപ്പള്ളി, എടവനക്കാട് ഈ മൂന്ന വില്ലേജുകളിൽ വസിക്കുന്ന കൃഷിക്കാരെ ബാധിക്കുന്നതാണ്. ഈ സ്ഥലത്തെപ്പറ്റി നേരിട്ട് അനുഭവമുള്ളവരും എന്റെ നാട്ടുകാരുമായ മന്ത്രണ്ടു മെമ്പർമാർക്കുടിയുണ്ട്. പക്ഷെ അവർ എന്തോ കാരണവശാൽ കൂടിനടക്കുന്നതുകൊണ്ടായിരിക്കാം, അവരെ ഇവിടെ കാണാനില്ല. ഏകദേശം പതിനായിരം പറക്ക നിലമുള്ള ഒരു സ്ഥലമാണ് ഈ പുത്തൻപാടം എന്ന കൃഷിസ്ഥലം. അതിന്റെ പടിഞ്ഞാറവശം സമുദ്രതീരത്താലും കിഴക്കവശം തെങ്ങിൻതോപ്പുകളാ

LIBRARY ARCHIVES Kerala Legislative Assembly

ലും വടക്കുവശം സക്കാർ ചിറയാലും തെക്കുവശം മറെറാരു ചിറയാലും ചുറെറപ്പെട്ടുകിടക്കുന്ന ഒന്നാണു്. ഞാൻ ഇതിനെപ്പറെറി പറയുന്നതിനു മുമ്പു് ബഹുമാനപ്പെട്ട റവന്യൂ മെമ്പർക്കു് ഈ സ്ഥലം നേരിട്ടു കണ്ടനുഭവമുള്ളതുകൊണ്ടു് അദ്ദേഹമാണു് ഇതിനു മറുപടി പറയേണ്ടതു് എന്ന ഒരപേക്ഷയുണ്ടു്. ആറേഴു കൊല്ലങ്ങൾക്കു മുമ്പു് ഈ വില്ലേജുകളിലെ "അറ" എന്ന അപരനാമത്താൽ വിഖ്യാതമായ ഒന്നായിരുന്നു ആ കൃഷിസ്ഥലം. എന്തുകൊണ്ടെന്നാൽ വിത്തു കൊണ്ടുപോയി വിതയ്ക്കുകയേ വേണ്ടു; പിന്നിടു കൊയ്യാൻ ചെന്നാൽ മാത്രം മതി. അത്രക്കു പ്രാധാന്യമേറിയതായിരുന്നു. ഇതിന്റെ വടക്കുഭാഗത്തു് ഒരു പുഴയുണ്ടു്. ആ പുഴ ചെന്നവസാനിക്കുന്നതു കൊട്ടങ്ങല്ലൂർ അഴിയിലായിരുന്നു. കുറെ കൊല്ലങ്ങളായി കൊട്ടങ്ങല്ലൂർ അഴിയിലേക്കുള്ള ഈ കൈവഴി അടഞ്ഞുപോയി. തൻമൂലം പാവപ്പെട്ട കൃഷിക്കാക്കു കൃഷി നടത്തുക എന്നുള്ളതു് വളരെ വിഷമമായിത്തീർന്നു. നിലത്തിൽ നിന്നു വെള്ളം പുറത്തേക്കു കളയുവാൻ മാർഗ്ഗമില്ലാതെ അവർ വളരെ വിഷമിച്ചു. അതിനാൽ ചക്രങ്ങൾ വെച്ചു ചവുട്ടി വെള്ളം കളഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ വേലക്കാരുടെ ക്ഷാമംമൂലം ചക്രം ചവുട്ടി വെള്ളം കളഞ്ഞും മറെറാരു കൃഷി നടത്തുവാൻ വളരെ വിഷമസ്ഥിതിയിലായിത്തീർന്നിരിക്കുന്നു.

Panel Chairman : I hope the Hon'ble Member will be anxious to hear the Government's reply. If so, he must adjust his speech. The whole demand has to be put at 5 o'clock.

മിസ്റ്റർ കെ. എ. രാഘവൻ : ഇതിനെപ്പറെറി ധാരാളം പറയുവാനുണ്ടു്. സമയമില്ലെന്നു പ്രസിഡണ്ടു് അവർകളും പറയുന്നതുകൊണ്ടു് ഏതാണ്ടു് ഒരു ചെറിയ വിവരണം മാത്രമേ പറയുന്നുള്ളൂ. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ആറേഴു കൊല്ലങ്ങളായി അവിടെ ശരിയായി കൃഷി വിളയുന്നില്ല. ഇതിനെക്കുറിച്ചു് ഈ ഉപക്ഷേപം വായിച്ചാൽതന്നെ ഏകദേശം മനസ്സിലാകും. ഇപ്പോൾ അവിടെ കൃഷിക്കു ചക്രം വെച്ചു ചവുട്ടി വെള്ളം കളയുകയെന്നതു് ഏതാണ്ടു് സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടു് മൂന്നു മാസക്കാലമെങ്കിലും രണ്ടു് എഞ്ചിൻ അവിടെ കൊണ്ടുവെച്ചു വെള്ളം വാറിച്ചു് ഇപ്പോൾ കൃഷിക്കുള്ള ദോഷത്തിനു് ഒരു നിവാരണം ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഇതിന്റെ സ്ഥിതിഗതികളെപ്പറെറി ബഹുമാനപ്പെട്ട റവന്യൂ മെമ്പർക്കു നല്ലപോലെ അറിയാവുന്നതാകയാൽ ഇതിന്റെ മറുപടി അദ്ദേഹം പറയണമെന്നു് ഒന്നുകൂടി ഞാൻ അപേക്ഷിക്കുന്നു. അത്യാവശ്യം ചില കൃഷിക്കാർ കഞ്ഞി കുടിക്കണമല്ലൊ എന്നു കരുതി കൃഷി ഇപ്രകാരം പല ബുദ്ധിമുട്ടുകളും സഹിച്ചും ഉണ്ടാക്കുന്നുണ്ടു്. അവസാനം അവർക്കു ഒരു പറ നെല്ലിനു ഏകദേശം അഞ്ചുറുപ്പികയിൽ കുറയാത്ത ഒരു ചിലവും വരുന്നുണ്ടു്. ഇതു വലിയ കഷ്ടവും നഷ്ടവുമല്ലേ?

Panel Chairman : Can the Hon'ble Member for Revenue oblige the mover?

മിസ്റ്റർ എം. ഐ. പോൾ : കൃഷിക്കാക്കു കൃഷി നല്ലനിലയിൽ പണിയുന്നതിനു വേണ്ടി നമ്മുടെ ഗവൺമെണ്ടു ചെയ്യുന്ന പ്രവൃത്തിയെ സംബന്ധിച്ചു പലരും പ്രസംഗിച്ചു് ഗവൺമെണ്ടിന്റെ അനാസ്ഥയും മൌഢ്യവും കുലങ്കഷമായി ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. നമ്മുടെ ഗവൺമെണ്ടു് ഇന്നു ചെയ്യപോരുന്ന ഒരു ചെറിയ കാര്യത്തെസംബന്ധിച്ചു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. വെള്ളാരപ്പിള്ളി എന്ന സ്ഥലത്തു വെച്ചു നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെക്ഷണിച്ചു് ഒന്നരണ്ടു പ്രാവശ്യം യോഗങ്ങൾ കൂടുകയും അവിടെ പഞ്ചകൃഷിക്കു വേണ്ട സമയത്തു വെള്ളം കൊടുക്കുന്നതിനു വേണ്ടി ചില സംഗതികൾ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു.

Panel Chairman : We are on cut motion No. 5. Please confine your observations to that.

മിസ്റ്റർ എം. ഐ. പോൾ: It relates to the same question of development of agriculture. അവിടെ, അതെ, കാഞ്ഞൂർ വെച്ചിട്ടുള്ള വാട്ടർപമ്പു് റീഫിറ്റു് ചെയ്യണമെന്നു ആർഡർ ആയി എന്നു് മന്ത്രി എന്നോടു് പറയുകയുണ്ടായി. എന്നാൽ മന്ത്രിയുടെ ആർഡേഴ്സായാൽ അതു് എക്സിക്യൂട്ടു് ചെയ്യേണ്ടതു് ആരാണെന്നു് അറിഞ്ഞുകൂടാ. P.W.D. ആയിരിക്കാം. പക്ഷെ ഇന്നുവരെ അതു് അവിടെ റീഫിറ്റു് ചെയ്തിട്ടില്ല. അതുകൊണ്ടു മുപ്പതിനായിരുപ്പറ പഞ്ചകൃഷി ദോഷമായിപോകുകയും ചെയ്യും.

അതുപോലെ ഈ പുത്തൻപാടത്തും ചെയ്യേണ്ട സംഗതി ഇന്നുവരെ ചെയ്തിട്ടില്ലെന്നു എനിക്കു ബോദ്ധ്യമാണു്. എന്തുകൊണ്ടാണു് ഗവൺമെണ്ടു് ഈ അനാസ്ഥ കാണിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കല്പിച്ചാൽ അതു പ്രവർത്തിക്കാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഭരണകൂടമുണ്ടെന്നറിയുന്നു. ഇയ്യ മന്ത്രിയുടെ കുറവോ ഭരണകൂടത്തിന്റെ കുറവോ? ഇവർ തമ്മിൽ ഒരു വടംവലിയുണ്ടെന്നറിയാം; മന്ത്രിക്കാണോ അതോ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെണ്ടിനാണോ ഇതിന്റെ ഉത്തരവാദിത്വമെന്നു ഞാൻ ചോദിക്കുന്നു. ഭക്ഷണക്ഷാമമുള്ള ഈ കാലത്തു ഭക്ഷ്യോല്പാദനത്തിനു പ്രോത്സാഹനം കൊടുക്കേണ്ടതാണ്. പിന്നെ എന്തുകൊണ്ടു് ഇതുകളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നില്ല? ഭക്ഷണവകുപ്പുമന്ത്രിയുടെ ഇതിനെപ്പറ്റി അന്വേഷിക്കേണ്ടതാണു്. അങ്ങിനെയിരിക്കെ ഉള്ള വിളവുതന്നെ നശിപ്പിക്കാൻ തക്ക പ്രവർത്തികൾ നടക്കുമ്പോൾ എന്തുകൊണ്ടദ്ദേഹം അതന്വേഷിക്കുന്നില്ല?

അതുകൊണ്ടു് മന്ത്രിയും പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെണ്ടും തമ്മിലുള്ള വടംവലി അവസാനിപ്പിച്ചു കൃഷിക്കു വേണ്ട പ്രോത്സാഹനം കൊടുക്കാൻ തക്ക നടപടികളും ഉടനടി എടുക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer)*: I want to say a word, because reference has been made to the Public Works Dapartment as not co-operating with the Minister. I may inform the House that as per the desire of the Minister we are putting up new pumps in that area. Instead of Vellarappilli alone, we are having an engine for this Mundakan season in Edat and also in Chengal. In three places we are now having lift irrigation works in that area. We are taking action in this respect and it is perfectly wrong for the Hon'ble Member to surmise that we are ignoring the orders issued to us through the Minister.

Mr. M. I. Paul *(Narakkal)*: Thank you very much.

Mr. Parambi Lonappen *(Minister for Public Health)*: The question about Vellarapilly area has been answered nicely. Regarding the trouble at Puthenpadam my information is that there is some difficulty, when there is excess of rain and the present arrangement is that the excess rain cannot be sent out of the paddy field. Of course, the matter has been brought to the notice of the Government and arrangements will be made at least next time and the defect will be remedied.

മിസ്റ്റർ കെ. എ. രാഘവൻ : സർ, ഇതിനെപ്പറ്റി വളരെ അധികം പറയാനുണ്ടായിരുന്നു. പക്ഷെ തല്ക്കാലം ഞാൻ അധികമൊന്നും പറയുന്നില്ല. റവന്യൂ മെമ്പറിൽനിന്നാണ് ഞാൻ ഇതിനു മറുപടി പ്രതീക്ഷിച്ചിരുന്നതു്. എങ്കിലും അതു കിട്ടിയില്ല. എന്തായാലും തല്ക്കാലം ഞാൻ ഇതു പ്രസ്സു് ചെയ്യുന്നില്ല.

Motion, by leave, withdrawn

Demand under "2. Agriculture" put and carried

(ii) 2. Agriculture (Cranganur)

Mr. Parambi Lonappen *(Minister for Public Health)*: I rise to move for a grant of Rs. 75 under "2. Agriculture—Cranganur".

Demand put and carried

The House rose for the day at 5 p. m.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly